

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉപ്പുതറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.3/1281/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/11/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 28/11/2025
കെ.എസ്.എ.ഐ.ഡി.കെ.പി.3/1281/2025

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 20-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജേഷ് സി. ഹരിബാൽ	ഡെപ്യൂട്ടി ഡയറക്ടർ	22-09-2025	27-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-09-2025	27-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സാമുവൽരാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡാനിഷ് കെ.ഇസഡ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷൈനി എം.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയിംസ് കെ ജേക്കബ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ ശ്രീകുമാർ വി.കെ	സെക്രട്ടറി	01-04-2024	01-04-2024
ശ്രീ തോമസ് പി.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-04-2024	01-05-2024
ശ്രീ ശ്രീകുമാർ വി.കെ	സെക്രട്ടറി	02-05-2024	12-05-2024
ശ്രീ അനിൽ ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-05-2024	29-05-2024
ശ്രീ ശ്രീകുമാർ വി.കെ	സെക്രട്ടറി	30-05-2024	27-01-2025
ശ്രീ കിരൺ പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. തോമസ് പി.വി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-05-2024
ശ്രീ. അനിൽ ജി.	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്	01-06-2024	27-01-2025
ശ്രീ. കിരൺ പി.	അസിസ്റ്റന്റ് സെക്രട്ടറി	28-01-2025	31-03-2025

ശ്രീ. സുനിൽ കുമാർ പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	30-09-2024
ശ്രീ. ലിജിൻ രാജീവ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-10-2024	17-01-2025
ശ്രീ. സന്തോഷ് ഉണ്ണി വി.	ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ഇൻ ചാർജ്	18-01-2025	10-03-2025
ശ്രീ. ഷെഫിൻ അനസ്	അസിസ്റ്റന്റ് എഞ്ചിനീയർ	11-03-2025	31-03-2025
ഡോ. മേരി വർഗീസ്	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.))	01-04-2024	31-03-2025
ഡോ. ജിലു ജോർജ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. അഞ്ജലി ഭാസ്ക്കരൻ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ധന്യ ജോൺസൺ	അഗ്രികൾച്ചർ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി മിനിമോൾ കെ. എം.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. മനോജ് കെ.	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി റോസ് മേരി വർക്കി എം.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-3
5	തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല	1-1-4
6	കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല	1-1-6
8	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽത്തുകകളുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല	1-1-8
10	ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.	1-1-9
11	ബജറ്റ്	1-2
12	ഗ്രാന്റ് വിനിയോഗം	1-3
13	സംരക്ഷണഗ്രാന്റ് (റോഡ്, റോഡിതരം) - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026 - 2027 - ൽ ₹ 28,25,352/-ലാപ്സാകും	1-3-1
14	പദ്ധതി അവലോകനം	1-4
15	തൊഴിലുറപ്പ് പദ്ധതി	1-5
16	ക്ഷേമപെൻഷനുകൾ	1-6
17	ക്യാഷ് പരിശോധന	1-7
18	ആഭ്യന്തരനിയന്ത്രണം	1-8
19	വാടക - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-9
20	താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.	1-10
21	K-SMART ആപ്ലിക്കേഷൻ - പ്രായോഗികബുദ്ധിമുട്ടുകൾ	1-11
22	2024 – 2025 വർഷം നികുതി നിർണയിച്ച മൊബൈൽ ടവറിന്റെ നികുതി നാളിതുവരെ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല	1-12
23	പീരുമേട് ടീ കമ്പനിയുടെ വസ്തുനികുതി - കുടിശിക നാളിതുവരെ ഈടാക്കിയിട്ടില്ല	1-13
24	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-14
25	പദ്ധതി നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല	1-15
26	ചൊരായ്ക്കാമൊട്ട കുടിവെള്ള പദ്ധതി വാർഡ് - 14 - നിർവ്വഹിക്കാത്ത പ്രവൃത്തിയായ ട്രെഞ്ചിംഗിന് തുക അനുവദിച്ചു - നഷ്ടം ₹17,696/-	1-16
27	കരിന്തരുവി ടേയ്ക്ക് – എ - ബ്രേയ്ക്ക് നിർമ്മാണം പാതിവഴിയിൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം ₹13,692/-. ₹7,14,137/- തടസ്സപ്പെടുത്തുന്നു.	1-17
28	എം.സി.എഫ്.- ന് സ്ഥലം വാങ്ങൽ - കൈവശഭൂമിയുടെ വിവരം ലഭ്യമല്ല - ₹53,00,000/- തടസ്സപ്പെടുത്തുന്നു.	1-18
29	പെയിന്റിംഗ് പ്രവൃത്തികൾക്ക് അധികം തുക അനുവദിച്ചു - നഷ്ടം ₹53,742/-	1-19
30	കുടിവെള്ളപദ്ധതികൾ പാതിവഴിയിൽ - ലക്ഷ്യം കൈവരിച്ചില്ല - ₹14,84,691/- തടസ്സപ്പെടുത്തുന്നു	1-20
31	ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.- യ്ക്ക് തുക നൽകൽ - അനിവാര്യചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പാക്കി - ₹48,756/- തടസ്സപ്പെടുത്തുന്നു.	1-21
32	ബയോ ഷ്രെഡർ യൂണിറ്റ് - വാങ്ങിയതിൽ അപാകങ്ങൾ - ₹4,99,942/-തടസ്സപ്പെടുത്തുന്നു.	1-22
33	ആനപ്പള്ളം സബ്സെന്ററിന് കെട്ടിടനിർമ്മാണം - എൻ.എച്ച്.എം. - ന് തുക കൈമാറി - നിർമ്മാണം ആരംഭിച്ചില്ല - ₹27,75,000/- തടസ്സപ്പെടുത്തുന്നു	1-23
34	ലൈഫ് ഭവനപദ്ധതി - അപാകങ്ങൾ	1-24
35	സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു	1-25
36	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നകൽ പൂർണ്ണമായും ലഭിച്ചില്ല	1-26
37	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-27
38	ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി(എച്ച്.എം.സി.) - വാർഷികകണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല	1-28
39	ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കിയില്ല	1-29
40	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല	1-30
41	ഇലക്ഷൻ ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-31
42	പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - ഉപകരണങ്ങൾ ലഭിച്ചില്ല - ₹2,20,855/-	1-32

	തടസ്സപ്പെടുത്തുന്നു.	
43	ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്	1-33
44	ടിപ്പർ ഡ്രൈവർക്ക് കരാർ വേതനം അധികം നൽകി - നഷ്ടം ₹22,020/-	1-34
45	ജൽജീവൻ മിഷൻ - അവലോകനം	1-35
46	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പെയിന്റിംഗ് പ്രവൃത്തികൾക്ക് അധികം തുക അനുവദിച്ചു - നഷ്ടം ₹53,742/-	3-1
2	ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി - വാർഡ് -14- നിർവ്വഹിക്കാത്ത പ്രവൃത്തിയായ ട്രെഞ്ചിംഗിന് തുക അനുവദിച്ചു - നഷ്ടം ₹17,696/-	3-2
3	കരിന്തരുവി ടേയ്ക്ക് – എ - ബ്രേയ്ക്ക് നിർമ്മാണം പാതിവഴിയിൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - നഷ്ടം ₹13,692/-	3-3
4	ടിപ്പർ ഡ്രൈവർക്ക് കരാർ വേതനം അധികം നൽകി - നഷ്ടം 22,020/-	3-4
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	വായ്പ/വായ്പയുടെ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃതഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4 – ലെ ഖണ്ഡിക നം.4.2.1 & അദ്ധ്യായം 11 - ലെ ഖണ്ഡിക നം.11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 17.07.2025 - ലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 23.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള **ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിന്റെ** 2025 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിന്റെ** 2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28.11.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹17,59,054/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' - ൽ രേഖപ്പെടുത്തിയ തുകയും (₹-1,35,28,854/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ.- ലെ നിർദ്ദേശങ്ങൾക്കനുസൃതമായി, പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 - ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. കൂടാതെ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല .

1-1-4 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രിസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-5 കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

വാർഷികകണക്കുകൾ പ്രകാരം, കുടിശ്ശികയുള്ള വസ്തുനികുതിയിൽ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement - ൽ പ്രസ്തുത തുക, ഷെഡ്യൂൾ ഐ – 16 – ൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല. ₹34,379/- മുൻകാലചെലവായി എഴുതിതള്ളിയതിന്റെ (ഷെഡ്യൂൾ 1 – 18) സാക്ഷ്യപ്പെടുത്തിയ ജേണൽ വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല.

1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽത്തുകകളുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ₹1,05,66,206/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ (ബി-11-(B) Capital Work-In-Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുക ₹1,59,08,771/- മാത്രമാണ്.

1-1-8 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രുവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. തൻവർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999 – Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം ₹4.2 കോടിയിൽപരം തുക ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും 4.3 കോടിയിൽപരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

ശീർഷകം	കണക്ക് ശീർഷകത്തിന്റെ പേര്

350100101	Amount Payable To Suppliers
350100201	Amount Payable To Contractors
350100301	Amount Payable To Conveners
350100401	Amount Payable To Professionals
350100501	Amount Payable To Elected Representatives
350100901	Amount Payable To KSEB
350100902	Amount Payable To Telephone Charge
350100903	Amount Payable To KWA

ഉദാഹരണമായി, പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്കും വൈദ്യുതി ചാർജ്ജ് 350100901 ശീർഷകത്തിലേക്കും അക്രുവൽ ചെയ്തതിന് ശേഷമായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രുവൽ ചെയ്യുന്നതിലെ അപാകം 2025-2026 വർഷം പരിഹരിക്കേണ്ടതാണ്.

1-1-9 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.

വാർഷികധനകാര്യപത്രികയിലെ കണക്കിലെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ്ചെലവ് കണക്കുകൾ തെറ്റാണ്.

1-2 ബജറ്റ്

ഇനം	തീയതി/തീരുമാനം നമ്പർ
സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം	08.02.2024/1(1)
ഭരണസമിതി അംഗീകാരം	15.02.2024/1(1)
ബജറ്റ് പുതുക്കൽ	27.03.2025/1(1)

ഇനം	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ് (₹)	1,87,58,013/-
വരവ് (₹)	51,52,66,585/-
ആകെ (₹)	53,40,24,598/-
ചെലവ് (₹)	52,00,53,385/-
നീക്കിയിരിപ്പ് (₹)	1,39,71,213/-

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് – പൊതുവിഭാഗം	0	2,38,07,520/-	2,38,07,520/-	2,35,89,382/-	2,18,138/-
വികസന ഫണ്ട് - എസ്.സി.പി.	0	1,08,89,000/-	1,08,89,000/-	92,98,730/-	15,90,270/-
വികസന ഫണ്ട് – ടി.എസ്.പി.	0	52,66,000/-	52,66,000/-	46,66,851/-	5,99,149/-
സംരക്ഷണഗ്രാന്റ് – റോഡ്	0	4,65,80,000/-	4,65,80,000/-	3,65,69,476/-	1,00,10,524/-
സംരക്ഷണഗ്രാന്റ് – റോഡിതരം	0	1,11,08,000/-	1,11,08,000/-	67,55,572/-	43,52,428/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (പെർഫോർമൻസ് ഗ്രാന്റ്)	17,80,622/-		17,80,622/-	0	17,80,622/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	9,74,924/-	1,23,45,940/-	1,33,20,864/-	5,07,411/-	1,28,13,453/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	91,20,773/-	44,42,308/-	1,35,63,081/-	93,62,765/-	42,00,316/-
320100152 – Other Schemes	63,622/-		63,622/-	0	63,622/-
ടോട്ടൽ സാനിറ്റേഷൻ	4,19,831/-	12,077/-	4,31,908/-	0	4,31,908/-
ഐ.സി.ഡി.എസ്.	45,82,127/-	41,86,286/-	87,68,413/-	44,25,067/-	43,43,346/-
ശുചിത്വമിഷൻ ഗ്രാന്റ്	50,739/-	4,651/-	55,390/-	0	55,390/-
320100202 - Health Grant - Diagnostic Infra Structure To PHCs	4,49,807/-	4,03,782/-	8,53,589/-	3,96,171/-	4,57,418/-
320100203 - Health Grant Towards Buildingless Subcentres To PHC	28,05,500/-	92,451/-	28,97,951/-	27,75,000/-	1,22,951/-
320100204 - Health Grant - Health And Wellness Centres	3,52,448/-	6,28,078/-	9,80,526/-	89,800/-	8,90,726/-
320200299 - Fund For Transferred Institutions	4,50,000/-	0	4,50,000/-	0	4,50,000/-
320200302 - ആധുനിക അറവുശാല	94,25,537/-	0	94,25,537/-	0	94,25,537/-
320300199 - Grant From Other Government Institutions	76,57,480/-	27,42,490/-	1,03,99,970/-	39,99,999/-	63,99,971/-
320400199 - Grant From Other Financial Institutions	2,53,268/-	0	2,53,268/-	0	2,53,268/-
സ്വച്ഛഭാരത് അഭിയാൻ	0	9,59,133/-	9,59,133/-	9,59,133/-	0
ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ	0	1,89,157/-	1,89,157/-	1,89,157/-	0

* 320300199 – ഗ്രാന്റിന്റെ ഉദ്ദേശം വ്യക്തമാക്കപ്പെട്ടിട്ടില്ല.

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) - പലിശയുൾപ്പെടെ ബാങ്കിൽ ലഭിച്ച തുക മാത്രമാണ് വാർഷികധനകാര്യപത്രികയിൽ വരവായി ചേർത്തിരിക്കുന്നത്. ട്രഷറി മുഖേന ലഭിച്ച ഗ്രാന്റുകൾ ധനകാര്യപത്രികയിൽ വരവിലെടുത്തിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രികയിലെ തുകയുമായി ആകെ വരവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

* ധനകാര്യകമ്മീഷൻ ഗ്രാന്റ് – അൺടൈഡ് എന്നയിനത്തിന്റെ, ഗ്രാന്റ് പത്രികയിലെ ആകെച്ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

* വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

ഫണ്ട്	ലൈഫ് ലോൺ (₹)	അങ്കണവാടി ഓണറേറിയം (₹)
വികസനഫണ്ട് (ജനറൽ)	1,11,51,930/-	19,27,200/-
വികസനഫണ്ട് (എസ്.സി.പി.)	10,92,005/-	0
വികസനഫണ്ട് (റ്റി.എസ്.പി.)	9,06,963/-	0

പ്രസ്തുത തുകകളുടെ ചെലവ് വിവരം സുലേഖയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും അടങ്കലായി ഉൾപ്പെടുത്തിയിട്ടില്ല.

* ധനകാര്യവകുപ്പിന്റെ 18.10.2022-ലെ സ.ഉ.(കൈ)നം. 179/2022/ധന. പ്രകാരം, ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതുവിഭാഗം) ഒരു ശതമാനം പിഴ ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത നടപടിക്ക് 2022-2023 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. 2023-2024 സാമ്പത്തികവർഷം റവന്യു പിരിവിൽ 90% കൈവരിക്കാതിരുന്നതിനാൽ തൻവർഷം വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് ₹2,40,480/- കുറവു വരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വാർഷികകണക്കുകളിലെ വരവ്ചെലവുകളിൽ പ്രതിഫലിച്ചിട്ടില്ല.

* 320300199 - ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് – ടൈഡ് എന്നീയിനങ്ങളിലെ RP-30 പ്രകാരമുള്ള വരവ് യഥാക്രമം ₹75,824/-, ₹89,52,000/- എന്നിവയാണ്. ജേണൽ എൻട്രി മുഖേന മറ്റ് തുകകൾ ഉൾപ്പെടുത്തി വരവ് ക്രമീകരിച്ചിരിക്കുന്നതാണ് പട്ടികയിൽ കാണുന്നത്.

* ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ- RP 30 പ്രകാരം വരവില്ല. ജേണൽ എൻട്രി മുഖേന തുക ഉൾപ്പെടുത്തി വരവ് ചെലവുകൾ ക്രമീകരിച്ചിരിക്കുന്നതാണ് പട്ടികയിൽ കാണുന്നത്.

1-3-1 സംരക്ഷണഗ്രാന്റ് (റോഡ്, റോഡിതരം) - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026 - 2027 - ൽ ₹

28,25,352/-ലാപ്സാകും

05.07.2021 - ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % – ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമപ്പഞ്ചായത്തിന് 2026-2027-ൽ ₹28,25,352/- യുടെ നഷ്ടമുണ്ടാകും.

ഫണ്ടിനം	വരവ് (₹)	ചെലവ് (₹)	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന 80% തുക (₹)	80 % ചെലവില്ലാത്തതിനാൽ ലാപ്സാകുന്നതും 2026-2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹)	2025-2026 വർഷം ക്യാരി ഓവർ ചെയ്യുന്ന തുക (₹)
സംരക്ഷണഗ്രാന്റ് – റോഡിതരം	4,65,80,000/-	3,65,69,476/-	3,72,64,000/-	6,94,524/-	93,16,000/-
സംരക്ഷണഗ്രാന്റ് - റോഡിതരം	1,11,08,000/-	67,55,572/-	88,86,400/-	21,30,828/-	22,21,600/-
ആകെ				28,25,352/-	

1-4 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 22.12.2023 – ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പദ്ധതികൾ 14.01.2024, 01.09.2024, 07.09.2024 എന്നീ തീയതികളിൽ നടന്ന പദ്ധതി ആസൂത്രണഗ്രാമസഭ/ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 09.02.2024 - ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. വാർഷികപദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം നം./തീയതി – നം. 677/24/DPC/DPO/IDK/05.03.2025

2024-2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
279	37,54,39,832/-	184	11,72,02,518/-	95	65.94

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)
കൃഷി ഓഫീസർ	11	8	58,22,625/-	29,43,396/-	50.55
വെറ്ററിനറി സർജൻ	9	8	32,61,238/-	24,82,859/-	76.13
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	9	6	31,53,498/-	17,51,506/-	55.54
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	13,00,000/-	3,86,000/-	29.69
ICDS സൂപ്പർവൈസർ	12	11	1,14,60,799/-	70,71,814/-	61.70
വി.ഇ.ഒ.	21	11	16,58,91,849/-	54,58,588/-	3.29
അസിസ്റ്റന്റ് എഞ്ചിനീയർ	159	96	10,68,86,496/-	5,61,94,746/-	52.57
അസിസ്റ്റന്റ് സെക്രട്ടറി	23	17	5,67,16,000/-	1,21,01,595/-	21.34
മെഡിക്കൽ ഓഫീസർ (ഹോമിയോ)	6	4	15,64,000/-	13,39,828/-	85.67
സെക്രട്ടറി	27	22	3,45,61,425/-	2,74,72,186/-	79.48
ഹെഡ് മാസ്റ്റർ	1	0	5,00,000/-	0	0
ആകെ	279	184	37,54,39,832/-	11,72,02,518/-	31.22

വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചീനിയർ, വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതിയുടെ ചെലവ് കുറവായത് വാർഷികപദ്ധതിച്ചെലവ് കുറയാൻ കാരണമായി.

പദ്ധതിനിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിട്ടർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിലും പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗതഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിർവഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ, തൈകൾ, വിത്തുകൾ, വളർത്തു മൃഗങ്ങൾ/പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണരജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ)	33/-	16,48,721/-	16,48,754/-	11,89,215/-	4,59,539/-
	തൊഴിലാളികളുടെ കൂലി	0	4,56,72,886/-	4,56,72,886/-	4,56,72,886/-	0

വാർഷികധനകാര്യപത്രികയിലെ കണക്കിലെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ്ചെലവ് കണക്കുകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് വ്യക്തത തേടിയപ്പോൾ തൊഴിലുറപ്പ് പദ്ധതി കൈകാര്യം ചെയ്യുന്ന അക്കൗണ്ടന്റ് ലഭ്യമാക്കിയ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിന് ശേഷമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-6 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വിധവ പെൻഷൻ	1,83,36,600/-	1185
വാർദ്ധക്യകാലപെൻഷൻ	4,70,43,500/-	3302
വികലാംഗപെൻഷൻ	48,92,700/-	313
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	5,08,600/-	32
കർഷകത്തൊഴിലാളി പെൻഷൻ	9,02,400/-	57

വാർദ്ധക്യകാലപെൻഷൻ, വികലാംഗപെൻഷൻ എന്നിവയുടെ തുക വാർദ്ധക്യകാലപെൻഷനിൽ വരവായിട്ടെടുത്തെങ്കിലും, ചെലവ് കൃത്യമായി ഇനംതിരിച്ച് I-14D - യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,150/- (ആയിരത്തി ഒരുനൂറ്റി അൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണസംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്വ ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥസംഘടന സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലനിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനം, സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതികളുടെ നിർവ്വഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പദ്ധതികളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷികപദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. ആഭ്യന്തരനിയന്ത്രണം വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.
പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-8-1 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികകണക്കുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-2 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ

രേഖപ്പെടുത്തുന്നില്ല. സാമ്പത്തികവർഷാവസാനം സ്റ്റോക്കുകളുടെ ഭൗതികപരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാടക - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2024-2025 വർഷത്തെ വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. രജിസ്റ്ററിലെയും വാടകയുടെ കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	വാർഷികധനകാര്യപത്രിക പ്രകാരം (₹)			ഡി.സി.ബി. രജിസ്റ്റർ പ്രകാരം (₹)		
വാടക	ഡിമാന്റ്	കളക്ഷൻ	നീക്കിയിരിപ്പ്	ഡിമാന്റ്	കളക്ഷൻ	നീക്കിയിരിപ്പ്
തൻവർഷം	15,12,300/-	11,73,337/-	3,38,963/-	15,12,300/-	11,40,889/-	3,71,411/-
കുടിശ്ശിക	3,80,312/-	29,948/-	3,50,364/-	കുടിശ്ശിക രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല		

2024-2025 വർഷത്തെ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിച്ച തുകയിൽ, സാമ്പത്തികവർഷത്തിനുശേഷം ₹88,543/- ഒടുക്കിയതായി ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 2024-2025 സാമ്പത്തികവർഷം മാത്രം വാടകയിനത്തിൽ ₹2,82,868/- ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ ₹3,50,364/- വാടക്കുടിശ്ശികയുമുണ്ട്. മുൻ വർഷങ്ങളിൽ മാർക്കറ്റിൽ നിന്നുള്ള വരവിനത്തിൽ ₹5,000/- കുടിശ്ശികയുള്ളതായി വർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തിട്ടുണ്ട്. കണക്കുകളിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടും വാടകയിനത്തിൽ ഇത്രയധികം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 25.09.2025) മറുപടി നൽകിയില്ല. കുത്തകക്കാരുമായി കരാർ ചമച്ചിട്ടുള്ളതിനാൽ വാടകയിനത്തിലെ കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-10 താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

എ) 1964 - ലെ കേരള ഭൂപതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടക്കുന്നു

1964 - ലെ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച്, ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7-ാം വാർഡിൽ താമസ്സേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിയന്ത്രണമുള്ളതാണ്. താമസ്സാവശ്യം എന്ന നിലയിൽ പെർമിറ്റ് എടുത്ത് നമ്പർ ലഭ്യമായ ശേഷം മറ്റ് ഉപയോഗക്രമങ്ങളിലേക്ക് മാറ്റുന്നതിനും കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും വൻതോതിൽ ശ്രമങ്ങൾ നടക്കുന്നു. പീരുമേട് താലൂക്കിലെ ഉപ്പുതറ വില്ലേജിൽ 7-ാം വാർഡിൽ, ആശുപത്രിപ്പടിയിൽ 2028-2019 സാമ്പത്തികവർഷം ശ്രീ ബിനോയി എം.ഡി., മലയിൽ, പുത്തൻകുരിശ് എന്ന വ്യക്തിക്ക് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 169.28 ച.മീ. (Revised – 253.92 ച.മീ.) കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്(നം.A1-BA(261767)/2018/തീയതി. 10.10.2018). ഉപ്പുതറ വില്ലേജ് ഓഫീസറുടെ 27.07.2023 - ലെ 309/23 – നമ്പർ കൈവശാവകാശസാക്ഷ്യപത്രം പ്രകാരം, അപേക്ഷകൻ പട്ടയഫയൽ ഹാജരാക്കിയില്ല. ഹാജരാക്കിയ

സത്യവാങ്മൂലം പ്രകാരം, 1964 – ലെ കേരള ഭൂപതിവ് ചട്ടങ്ങൾ, ചട്ടം 9 പ്രകാരം, പതിച്ച് നല്കി. ആയതുപ്രകാരം കൃഷി ആവശ്യത്തിനും വീട് വച്ച് താമസിക്കുന്നതിനും വേണ്ടി പതിച്ച് നൽകിയ ഭൂമിയിൽപ്പെട്ടത് എന്ന് രേഖപ്പെടുത്തുകയും പാർപ്പിടാവശ്യത്തിനായി പെർമിറ്റ് അനുവദിക്കുകയും ചെയ്തു. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 23.01.2024 – ൽ കെട്ടിടനമ്പർ നൽകുന്നതിന് അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും ചെയ്തു. സെല്ലാർ നില 84.64 ച.മീ., താഴത്തെ നില 84.64 ച.മീ., ഒന്നാം നില 84.64 ച.മീ. എന്നിങ്ങനെ ആകെ 253.92 ച.മീ. അളവിലുള്ള കംപ്ലീഷൻ പ്ലാനാണ് സമർപ്പിച്ചത്. നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് കമ്പിവല ഉപയോഗിച്ച് കെട്ടി അടച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വേളയിൽ ഗ്രാമപ്പഞ്ചായത്തിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 26.09.2025 - ന് നടത്തിയ പ്രാദേശികപരിശോധനയിൽ ബോധ്യപ്പെട്ടു. 2019 – ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടം പ്രകാരമുള്ള എല്ലാ ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന് ഉപ്പുതറ എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ILGMS സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികനിർമാണത്തിന് റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഇല്ല. കെട്ടിടത്തിന് 7/150 എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ, പ്രസ്തുത കെട്ടിടം, നിർമ്മാണത്തിനു ശേഷമാണ് ട്രസ്സ് വർക്ക് ചെയ്തിട്ടുള്ളതെന്ന് കെയർടേക്കർ അറിയിച്ചു. ഹോംസ്റ്റേ/റിസോർട്ട്/ലോഡ്ജിംഗ് ഹൗസായോ ഉപയോഗിക്കുന്നതിനാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. (വീടുകൾ എന്ന ഗണത്തിൽപ്പെടുത്തിയാണ് നിലവിൽ ടാക്സ് ഈടാക്കുന്നത്) കെട്ടിടനിർമ്മാണം ചട്ടവിരുദ്ധമായതിനാൽ നിർമ്മാണനുമതി നൽകിയതിനും അധികനിർമ്മാണം റഗുലറൈസ് ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും ട്രസ് വർക്ക് ചെയ്ത ഭാഗം കെട്ടി അടച്ചിട്ടുള്ളതിനാൽ ടാക്സ് ഈടാക്കേണ്ടതുമാണ്.

ബി) താമസാവശ്യത്തിന് പെർമിറ്റ് നല്കി നിർമ്മിച്ച കെട്ടിടത്തിന്റെ താഴത്തെ നില വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

1964 – ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ, ചട്ടം 04 അനുസരിച്ച്, വ്യക്തികളുടെ സ്വന്തം പാർപ്പിടാവശ്യത്തിനും കൃഷിക്കും മാത്രമാണ് സർക്കാർ ഭൂമി പതിച്ച് നൽകാവുന്നത്. ഇവയൊഴികെയുള്ള യാതൊരു ആവശ്യത്തിനും ഭൂമി രൂപമാറ്റം വരുത്താൻ പാടില്ലെന്നിരിക്കെ, ഗ്രാമപ്പഞ്ചായത്ത് 01.09.2022 – ൽ A2-BA(285304)/2022 നം. പെർമിറ്റ് പ്രകാരം, റെസിഡൻഷ്യൽ (A1 ഒക്യുപൻസി) നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 17.12.2024 – ൽ ഉപ്പുതറ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള (നമ്പർ വ്യക്തമല്ല) പ്രകാരമുള്ള കൈവശാവകാശസർട്ടിഫിക്കറ്റിൽ, പീരുമേട് താലൂക്കിൽ, ഉപ്പുതറ വില്ലേജിൽ സർവ്വേ നമ്പർ 338/43-46-1 - ൽ ശ്രീമതി സിന്ധു വർഗീസ്, D/O ശ്രീ ഷിബു താണോലിൽ, ഉപ്പുതറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം 1964 – ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം, കൃഷി ചെയ്യുന്നതിനും വീട് വെച്ച് താമസിക്കുന്നതിനും അനുവദിച്ച ഭൂമിയിൽപ്പെട്ട വസ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 6/323 A - നമ്പർ അനുവദിച്ചു നൽകിയിട്ടുള്ള കെട്ടിടത്തിന്റെ താഴത്തെ നില 73.3 ച.മീ., സെല്ലാർ നില 34.6 ച.മീ. വിസ്തൃതി എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തി വീടുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി വരുന്നത്.

ഓഡിറ്റ് വേളയിൽ ഗ്രാമപ്പഞ്ചായത്തിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 26.09.2025 - ന് നടത്തിയ പ്രാദേശികപരിശോധനയിൽ ഒന്നാം നില പാർപ്പിടാവശ്യത്തിനും താഴത്തെനില വാണിജ്യാവശ്യം, ഓഫീസ് എന്നിവയ്ക്ക് കെട്ടിടം ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. പരിസ്ഥിതിലോലമേഖലയിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണം സർക്കാർ കർശനമായി നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിച്ച നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/തീയതി. 26.09.2025) നൽകിയെങ്കിലും അനധികൃതനിർമ്മാണം നടത്തിയതിനും കെട്ടിടനമ്പർ അനുവദിച്ചതിനും മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ 6, 7 വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ പരിശോധനയിലാണ് അനധികൃതനിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-11 K-SMART ആപ്ലിക്കേഷൻ - പ്രായോഗികബുദ്ധിമുട്ടുകൾ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് (ഇൻഫർമേഷൻ കേരള മിഷൻ) ഐ.കെ.എം.

തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് (Kerala Solutions For Managing Administrative Reformation And Transformation) ആപ്ലിക്കേഷൻ 01.04.2025 മുതൽ നടപ്പിലാക്കിയ സാഹചര്യത്തിൽ ഉദ്യോഗസ്ഥർ, ജീവനക്കാർ, നിർവഹണോദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർ നേരിടുന്ന പ്രായോഗികബുദ്ധിമുട്ടുകൾ പഞ്ചായത്തധികൃതർ അറിയിച്ചിട്ടുള്ളത് ചുവടെ കൊടുക്കുന്നു.

01.04.2025 മുതൽ സംസ്ഥാനത്ത് ഗ്രാമപ്പഞ്ചായത്ത് തലത്തിൽ K-SMART സോഫ്റ്റ്വെയർ വിന്യസിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾ ഒരാവശ്യത്തിനായിത്തന്നെ നിരവധി തവണ അക്ഷയ സെന്റർ കയറിയിറങ്ങുന്നു. അക്ഷയ സെന്റർ, കോമൺ സിറ്റിസൺ സർവീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ല. ആയതിനാൽ ഒരു അപേക്ഷ ശരിയായ ഹെഡിൽ സമർപ്പിക്കുന്നതിന് സാധിക്കുന്നില്ല. നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ചിട്ടില്ല. ആയതിനാൽ സെക്ഷനിലെ ഫയലുകൾ ശരിയായി പ്രോസസ് ചെയ്യുന്നതിനുപോലും സാധിക്കുന്നില്ല. കൂടാതെ സൈറ്റ് കൂടുതൽ സമയവും സ്ലോ ആവുന്നത് മൂലം ഫയലുകൾ തിരഞ്ഞ് കണ്ടെത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

സാധാരണക്കാരായ ആളുകൾക്ക് ഉപയോഗപ്രദമായ രീതിയിൽ K-SMART സോഫ്റ്റ്വെയർ വിന്യസിക്കേണ്ടതും ഗ്രാമപ്പഞ്ചായത്തിലെ എല്ലാ ജീവനക്കാർക്കും അക്ഷയ സെന്റർ, കോമൺ സിറ്റിസൺ സർവീസ് സെന്റർ, എല്ലാ E-Governance സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വേണ്ടത്ര പരിശീലനം ലഭ്യമാക്കേണ്ടതുമാണ്. ഗുണഭോക്താക്കളുടെ ഡാറ്റാ Sankhya/ILGMS ൽ നിന്നും K-SMART – ലേക്ക് Port ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കണം. ഗുണഭോക്താക്കളെ സെലക്റ്റ് ചെയ്ത് Amount Enter ചെയ്യുമ്പോൾ ഉണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നതിന് Excel ഫയൽ K-SMART ൽ Upload ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്.

1-12 2024 – 2025 വർഷം നികുതി നിർണയിച്ച മൊബൈൽ ടവറിന്റെ നികുതി നാളിതുവരെ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല

2024-2025 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ 8-ാം വാർഡിൽ വാഗമൺ വില്ലേജിൽ 13.27 ച.മീ. വിസ്തൃതിയിൽ മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ് പാലാരിവട്ടം, കൊച്ചിൻ – 682024 – ന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ നികുതി 22.03.2023 – ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം, ₹600/ച.മീ. നിരക്കിൽ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

അടിസ്ഥാന വസ്തുനികുതി നിരക്ക് 1 ച.മീറ്ററിന് (₹)	600/-
അടിസ്ഥാന വസ്തുനികുതി നിരക്ക് 1 ച.മീറ്ററിന് (₹)	630/-
അടിസ്ഥാനവസ്തുനികുതി (₹)	8,360.1/-

അടിസ്ഥാനവസ്തുനികുതിയിന്മേലുള്ള ഇളവുകൾ

(എ). മേഖല (₹)	836.01
(ബി). വഴി സൗകര്യം	0
(സി). മേൽക്കൂര	0
(ഡി). കാലപ്പഴക്കം	0
(ഇ). ആകെ ഇളവ്	10 %
(എഫ്). ആകെ ഇളവ് (₹)	836.01
ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്	0

അടിസ്ഥാനവസ്തുനികുതിയിൻമേലുള്ള വർദ്ധനവുകൾ

(എ). വഴി സൗകര്യം (₹)	1,672.02
(ബി). തറ നിർമ്മിതി	0

(സി). എയർ കണ്ടീഷനിംഗ്	0
(ഡി). ആകെ വർദ്ധനവ്	20 %
(ഇ). ആകെ വർദ്ധനവ് (₹)	1,672.02/-

അർദ്ധവർഷം അടിസ്ഥാനമാക്കിയുള്ള നികുതി വിവരണം

വസ്തുനികുതി (₹)	4,599.00	4,598.00	9,197.00
ലൈബ്രറി സെസ്സ് (₹)	230.00	230.00	460.00
സർവ്വീസ് ചാർജ്ജ് (₹)	0.00	0.00	0.00
സർചാർജ്ജ് - 1 (₹)	0.00	0.00	0.00
സർചാർജ്ജ് - 2 (₹)	0.00	0.00	0.00
ആകെ നികുതി	4,829.00	4,828.00	9,657.00

ഗ്രാമപ്പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറും ഫയലും പരിശോധിച്ചതിൽ 23.12.2024 - ൽ ഇൻഡസ് ടവർ ലിമിറ്റഡ് ജനറൽ മാനേജർ ₹9,657/- – യുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.നം.558170/06.12.2024) ഹാജരാക്കിയിട്ടുള്ളതായും എന്നാൽ Images Not Scanned/Image Not Clear എന്ന് കാരണം രേഖപ്പെടുത്തി ബാങ്കിൽ നിന്നും നിരസിച്ചതായും അറിയിപ്പുണ്ട്. ഡി.ഡി.മാറ്റി തരുന്നതിന്/റീ വാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി 18.06.2025 – ൽ 2318861 – 2025 – നമ്പർ കത്ത് മാനേജർക്ക് നൽകിയെങ്കിലും നികുതി നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. 2024-2025 വർഷം നികുതിനിർണയം നടത്തിയ മൊബൈൽ ടവറിന്റെ നികുതി ഒടുക്ക് സംബന്ധിച്ചുള്ള തത്സ്ഥിതി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/ തീയതി. 26.09.2025) മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-13 പീരുമേട് ടീ കമ്പനിയുടെ വസ്തുനികുതി - കുടിശിക നാളിതുവരെ ഈടാക്കിയിട്ടില്ല

ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വന്നിരുന്ന പീരുമേട് ടീ കമ്പനി എന്ന സ്ഥാപനം 1999-2000 വർഷത്തിൽ ഉടമകൾ ഉപേക്ഷിച്ച് പോയിട്ടുള്ളതാണ്. തുടർന്ന് പൂട്ടിപ്പോയ തോട്ടമായ പീരുമേട് ടീ കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി 2011-2012 വർഷം വരെ കുടിശ്ശികയില്ലാതെ പ്രസ്തുത സ്ഥാപനത്തിന്റെ മാനേജ്മെന്റ് അധികാരികൾ ഡിമാന്റ് കൈപ്പറ്റി അടവാക്കിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ ഉടമസ്ഥതയിലുള്ള തോട്ടം, തൊഴിലാളികൾ കൈയ്യേറിയതിനാൽ, തോട്ടം തങ്ങളുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ കെട്ടിടനികുതി അടവാക്കുകയില്ല എന്ന് പറഞ്ഞ് 2012-2013 വർഷം മുതൽ തോട്ടം മാനേജ്മെന്റ് പ്രതിനിധികൾ ഡിമാന്റ് കൈപ്പറ്റുകയോ വസ്തുനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. നിലവിലുള്ള സാഹചര്യത്തിൽ പീരുമേട് ടീ കമ്പനി ഉടമകളുടെ പക്കൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നതിനോ ഡിമാന്റ് നോട്ടീസോ റവന്യൂ റിക്കവറി നോട്ടീസോ കൈപ്പറ്റുന്നതിന് കമ്പനി മാനേജരോ ഉത്തരവാദിത്വപ്പെട്ട കമ്പനി അധികാരികളോ ഇല്ലാത്തതിനാൽ, ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന് സാധിക്കാത്ത അവസ്ഥയാണ് ഉള്ളത്. പീരുമേട് ടീ കമ്പനിയുടെ പേരിലുള്ള എസ്റ്റേറ്റ് ലയങ്ങളുടെ വസ്തുനികുതി 2019-2020 വർഷം മുതൽ ഈടാക്കുന്നതിൽ നിന്നും ഗ്രാമപ്പഞ്ചായത്ത്, ഒഴിവാക്കി. പീരുമേട് ടീ കമ്പനിയുടെ എസ്റ്റേറ്റ് ലയങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയതിനാൽ തൊഴിലാളികൾ ഭൂരിപക്ഷവും എസ്റ്റേറ്റ് ലയങ്ങളിൽ നിന്നും താമസം മാറിയിരിക്കുകയാണ്. ആയതിനാൽ എസ്റ്റേറ്റ് ലയങ്ങളുടെ കുടിശ്ശികത്തുക തൊഴിലാളികളിൽ നിന്ന് ഈടാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ്. തോട്ടം കൈയ്യേറിയ തൊഴിലാളികൾ ഫാക്ടറി ഇൻസ്പെക്ഷൻ ബംഗ്ലാവ്, മസ്റ്ററിംഗ് ഓഫീസ് മുതലായ കെട്ടിടങ്ങൾ കൈയ്യേറിയിട്ടില്ലാത്ത സാഹചര്യത്തിൽ വസ്തുനികുതി തോട്ടം കൈയ്യേറിയ തൊഴിലാളികളിൽ നിന്നും ഈടാക്കാൻ സാധിക്കുകയില്ല. പീരുമേട് ടീ കമ്പനിയുടെ പേരിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയുടെ കുടിശ്ശിക സഹിതം ഒഴിവാക്കുന്നതിനുള്ള അനുമതിക്കും കെട്ടിടങ്ങളുടെ എണ്ണം, കുടിശ്ശികത്തുകയിലുള്ള വ്യത്യാസം കമ്മറ്റി അംഗീകരിച്ചത് പ്രകാരം, സഞ്ചയ സോഫ്റ്റ്വെയറിൽ വ്യത്യാസം വരുത്തുന്നതിനും ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി 27.10.2022 – ലെ 14(1) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ളത് (ഫയൽ

നം.A1-10/2021) 24.11.2022 – ലെ A2-10/2022 – നമ്പർ കത്തിലൂടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പീരുമേട് ടീ കമ്പനിയുടെ പേരിലുള്ള 751 കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ₹6,37,286/- കുടിശ്ശികയും 2019-2020 വർഷം മുതൽ എസ്റ്റേറ്റ് ലയങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയതിനാൽ തന്നാണ്ട് വസ്തുനികുതിയിനത്തിലെ ₹32,970/- – യും റവന്യൂ റിക്കവറി/ജപ്തി/പ്രോസിക്യൂഷൻ നടപടികളിലൂടെ ഈടാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനുള്ള അറിയിപ്പ് പീരുമേട് താലൂക്ക് ലേബർ ഓഫീസർക്കും ഇതേ നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. 2025 മാർച്ച് മാസം വരെയുള്ള കണക്കുകൾ പ്രകാരം, ടീ കമ്പനിയുടെ വസ്തുനികതിയുടെ കുടിശ്ശിക ₹7,10,041/- – യും തന്നാണ്ട് വസ്തുനികുതിയിനത്തിൽ ₹33,265/- – യും ഈടാക്കാൻ അവശേഷിക്കുന്നു. വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കാത്തതിനാൽ ഒരോ വർഷവും ഡിമാന്റ് വർദ്ധിക്കുകയും കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതുവിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് ധനകാര്യവകുപ്പിന്റെ 18.10.2022 – ലെ സ.ഉ.(കൈ)നം.179/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. (പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-2023 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.) ആയതിനാൽ നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകൾ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2024-2025 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അടവാക്കാൻ അവശേഷിക്കുന്ന പാദം	ഈടാക്കേണ്ട തുക (₹)
1	മുത്തൂറ്റ് ഫിൻകോർപ്, ഉപ്പുതറ	രണ്ടാം പാദം	2,600/-
2	കോൺട്രാക്ട് സ്റ്റാഫ്, ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത്	രണ്ടാം പാദം	3,750/-
3	കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ	രണ്ടാം പാദം	5,000/-
4	കള്ള് ഷാപ്പ് (GR No. 1, TS No. 5.6)	ആദ്യ പാദം	3,000/-
5	ICDS ഓഫീസ്, ഉപ്പുതറ	ആദ്യ പാദം	1,250/-
6	MMPS ഉപ്പുതറ	ആദ്യ പാദം	1,850/-
7	ഫെഡറൽ ബാങ്ക്, ഉപ്പുതറ	ആദ്യ പാദം	10,000/-
8	പോലീസ് സ്റ്റേഷൻ, ഉപ്പുതറ	ആദ്യ പാദം	41,250/-
9	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഉപ്പുതറ	ആദ്യ പാദം	16,700/-
ആകെ			**85,400/-**

മേൽപ്പറഞ്ഞ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/തീയതി. 26.09.2025) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി അടവാക്കിയതാണെങ്കിൽ അവ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുകയും അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പദ്ധതി നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായ അഗ്രികൾച്ചർ ഓഫീസർ, വി.ഇ.ഒ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. തൻവർഷം നിർവ്വഹണോദ്യോഗസ്ഥർ വിവിധ വാർഷിക പദ്ധതികൾ നടപ്പിൽ വരുത്തി. ഗ്രാമപ്പഞ്ചായത്തിന്റെ തുക ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തുമ്പോൾ വരവ്ചെലവ് രേഖപ്പെടുത്തുന്നതിനുള്ള കൃത്യമായ ക്യാഷ് ബുക്ക് ഫോം ടി.ആർ.7എ സൂക്ഷിക്കുന്നില്ല. 28.03.2011 – ലെ സ.ഉ.(കൈ)നം.83/2011/ത.സ്വ.ഭ.വ. പ്രകാരം, നിർവ്വഹണോദ്യോഗസ്ഥൻ ക്യാഷ് ബുക്ക് – ഫോം ടി.ആർ 7എ - യിൽ എല്ലാ വരവുകളും ചെലവുകളും രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

കേരള ട്രഷറി കോഡ് റൂൾ (എ) – (1) പ്രകാരം, സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന ഓരോ സർക്കാർ ഉദ്യോഗസ്ഥനും ടി.ആർ. 7A മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയും പ്രസ്തുത രേഖപ്പെടുത്തലുകൾ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും വേണം. ക്യാഷ് ബുക്കുകൾ പതിവായി ക്ലോസ് ചെയ്യുകയും പൂർണ്ണമായി പരിശോധിക്കുകയും കേരള ട്രഷറി കോഡ് വോള്യം 1 – ലെ ചട്ടം 92 (എ) IV പ്രകാരം ഓരോ മാസാവസാനത്തിലും ഓഫീസ് മേധാവി ക്യാഷ് ബുക്കിലെ ക്യാഷ് ബാലൻസ് പരിശോധിച്ച് ഒപ്പിട്ടതും പരിശോധിച്ചതുമായ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത കാര്യങ്ങൾ നടപ്പിൽ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ചൊരായ്ക്കാമൊട്ട കുടിവെള്ള പദ്ധതി വാർഡ് - 14 - നിർവ്വഹിക്കാത്ത പ്രവൃത്തിയായ ട്രെഞ്ചിംഗിന് തുക അനുവദിച്ചു - നഷ്ടം ₹17,696/-

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.0275/2024-25,ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി വാർഡ് – 14
അടങ്കൽ (₹)	3,84,738/- ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ മോഹനൻ റ്റി.
ഫയൽ നം.	124561/2023-24
എഗ്രീഡ് പി.എ.സി. (₹)	3,19,529.82/-
ചെലവ് (₹)	3,66,280/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നം./തീയതി	24100852013800367485/05.07.2024

കുടിവെള്ളത്തിനായി 349.800 മീറ്റർ നീളത്തിൽ 65 MM GI പൈപ്പ് ട്രെഞ്ചിംഗ് ചെയ്തു ഇടുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. അളവ് പുസ്തകത്തിൽ ഇനം നമ്പർ 1 പ്രകാരം, 18.12.7. പ്രൈസ് സ്പെസിഫിക്കേഷനിലുള്ള Providing And Fixing G.I. Pipes Complete With G.I Fittings **Including Trenching And Refilling Etc. External Work-65 Mm Dia Nominal Bore** എന്ന ഇനം 349 മീറ്റർ ട്രെഞ്ചിംഗ്,റീഫില്ലിംഗ് ഉൾപ്പെടെ ചെയ്തതിന് 862.15/മീറ്റർ (കരാറുകാരൻ കോട്ട് ചെയ്ത നിരക്ക്) എന്ന നിരക്കിൽ ₹ 3,00,890.35 കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിലെ എൽ.ഐ.ഡി. & ഇ.ഡബ്ല്യു. ഓവർസിയറുടെ സാന്നിധ്യത്തിൽ 24.09.2025 – ന് പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ചതിൽ, G.I പൈപ്പുകൾ ട്രെഞ്ചിംഗ്, റീഫില്ലിംഗ് നടത്താതെയാണ് ഇട്ടിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകത്തിൽ യഥാർത്ഥത്തിൽ ട്രെഞ്ചിംഗ് & റീഫില്ലിംഗിന്റെ നിരക്ക് കുറച്ച് നൽകാത്തതു മൂലം കരാറുകാരന് താഴെപ്പറയും പ്രകാരം അധികം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ട്രെഞ്ചിംഗ്, റീഫില്ലിംഗ് ഉൾപ്പെടെയുള്ള നിരക്ക് 18.12.7.

	Description	Unit	Quantity	Rate (₹)	Amount (₹)
	Details Of Cost For 10 Metre MATERIAL:				
1551	G.I. Pipes 65 Mm Dia Weight For Carriage = Pipe Weight + 2% For Fittings = 1.02 X 66.30 = 67.626 Kg = 0.067626 Tonne	Metre	10.2	395.00	4,029.00
2271	Carriage Of G.I. Pipes Below 100 Mm Dia	Tonne	0.06763	92.24	6.24
9999	Sundries – White Lead, Hemp, Oil Etc LABOUR :	L.S	13.52	2.00	27.04
0116	Fitter(grade1)	Day	0.25	738.00	184.50
0114	Beldar – Trenching And Refilling Etc.	Day	0.66	558.00	368.28
0114	Beldar	Day	0.66	558.00	368.28
0115	Coolie	Day	0.66	558.00	368.28
	TOTAL				5,351.62
	Add Water Charges @ 1%				53.52
	TOTAL				5,405.14
	Add CPOH @ 15%				810.77
	TOTAL				6,215.91
	Cost Of 10.0 Metre				6,215.91
	Cost Per Metre				621.59
	Say				621.60

ട്രെഞ്ചിംഗ്, റീഫില്ലിംഗ് കുറവ്ചെയ്ത് നൽകാവുന്ന തുക

	Description	Unit	Quantity	Rate (₹)	Amount (₹)
	Details Of Cost For 10 Metre MATERIAL:				
1551	G.I. Pipes 65 Mm Dia Weight For Carriage = Pipe Weight + 2% For Fittings = 1.02 X 66.30 = 67.626 Kg = 0.067626 Tonne	Metre	10.2	395.00	4,029.00
2271	Carriage Of G.I. Pipes Below 100 Mm Dia	Tonne	0.06763	92.24	6.24
9999	Sundries-White Lead, Hemp, Oil Etc LABOUR:	L.S	13.52	2.00	27.04
0116	Fitter(grade1)	Day	0.25	738.00	184.50
0114	Beldar Trenching And Refilling Etc.	Day			
0114	Beldar	Day	0.66	558.00	368.28
0115	Coolie	Day	0.66	558.00	368.28
	TOTAL				4,983.34
	Add Water Charges @ 1%				49.83
	TOTAL				5,033.17
	Add CPOH @ 15%				754.97
	TOTAL				5,788.14
	Cost Of 10.0 Metre				5,788.14
	Cost Per Metre				578.81
	COST INDEX 41.53%				240.37
	TOTAL				819.18/Mt

അധികം നൽകിയ തുക

ഇനം	അനുവദിച്ചത് (₹)	അനുവദിക്കാവുന്നത് (₹)	അധികം നല്കിയത് (₹)
പ്രവൃത്തിയുടെ അളവ്	349 M	349 M	-
നിരക്ക് (₹)	862.15/M	819.18	-
തുക (₹)	3,00,890.35	2,85,893.82	14,996.53
ജി.എസ്.ടി @ 18 % (₹)	54,160.26	51,460.88	2,699.38
ആകെ (₹)	3,55,050.61	3,37,354.70	17,695.91

ചെയ്യാത്ത പ്രവൃത്തിക്ക് ₹17,695.91 അധികം നല്കിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹17,696/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-17 കരിന്തരുവി ടേയ്ക്ക് – എ - ബ്രേയ്ക്ക് നിർമ്മാണം പാതിവഴിയിൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം ₹13,692/-. ₹7,14,137/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	എസ് 0246/2024-25, ടേക്ക് എ ബ്രേക്ക് നിർമ്മാണം - കരിന്തരുവി	
ആകെ അടങ്കൽ (₹)	7,70,000/-	4,20,000/-ധനകാര്യകമ്മീഷൻ അവാർഡ്
		3,50,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കോൺട്രാക്ടറുടെ പേര്	ശ്രീ മോഹനൻ റ്റി.	
ഫയൽ നം.	65590/2022	
എഗ്രീഡ് പി.എ.സി. (₹)	13,45,766/-	
ആകെച്ചെലവ് (₹)	7,27,829/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	
വൗച്ചർ നം./തീയതി/തുക (₹)	നം.XVFC/2023-24/P/31/03.01.2024/4,20,000/-	
	നം.XVFC/2023-24/P/59/27.03.2024/3,07,829/-	

ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിൽ കരിന്തരുവി ഭാഗത്ത്, ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ ആകെ അടങ്കൽ തുക മുൻവർഷം ഉൾപ്പെടെ ₹17,89,328/- ആണ്. എന്നാൽ മുൻവർഷം 2023-2024 - ₹8,58,816/-, തൻവർഷം ₹7,27,829/- ഉൾപ്പെടെ ആകെച്ചെലവ് ₹15,86,645/- എക്സ്ട്രാ ഐറ്റം ഉൾപ്പെടെ ആകെ 66 ഇനങ്ങളാണ് ഈ പ്രവൃത്തിയിൽ നിർവ്വഹിക്കാനുണ്ടായിരുന്നത്. ഈ പ്രവൃത്തിയുടെ സ്ട്രക്ചർ നിർമ്മാണം നടത്തി ടൈൽ വിരിച്ച് സൈഡ് സംരക്ഷണഭിത്തി പണിയുന്നത് വരെയുള്ള പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ നിർവ്വഹിച്ച് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. ഡോർ, ഷട്ടർ മുതലായവ ഫിറ്റ് ചെയ്യൽ, പ്ലംബിംഗ് വർക്കുകൾ, സാനിട്ടറി ഫിറ്റിംഗ്സുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ ഇനിയും നിർവ്വഹിക്കാൻ അവശേഷിക്കുന്നു.

വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള പ്രൊവിഷൻ, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു സാമ്പത്തികവർഷം നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പദ്ധതികൾ ബഹുവർഷപദ്ധതിയായി ഏറ്റെടുത്ത് ഓരോ വർഷവും ചെലവഴിക്കേണ്ട വിഭവസ്രോതസുകൾ കൃത്യമായി രേഖപ്പെടുത്തിയാണ് പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ തുടർന്നുള്ള വർഷത്തിൽ പദ്ധതി പൂർത്തികരണത്തിനായി തുക വകയിരുത്തിയിട്ടില്ല. മലങ്കര ടീ എസ്റ്റേറ്റ് പഞ്ചായത്തിന് നൽകിയ സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് കരിന്തരുവി നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലം ഗ്രാമപ്പഞ്ചായത്തിന് നല്കിയതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഈ പദ്ധതിക്ക് ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുന്നു. പ്രവൃത്തി സ്ഥലം 24.09.2025 - ൽ ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ, അളവ് ബുക്ക് പ്രകാരം ഇനം 20 – ൽ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്ന 23.690 Sq.M. സെറാമിക്ക് ഗ്ലേസ്ഡ് ഫ്ലോർ ടൈൽ യഥാർത്ഥത്തിൽ 12.210 Sq.M. മാത്രമാണ് ചെയ്തിട്ടുള്ളത്.

നൽകിയ തുക (₹)	28,254.14	23,944.19 + GST @ 18 % = 4,309.95 (23.690 X 1010.73)
നൽകേണ്ട തുക (₹)	14,562.39	12,341.01 + GST @ 18 % = 2,221.38 (12.210 X 1010.73)
അധികം നൽകിയ തുക (₹)	13,692/- (13,69.175)	

അധികം നൽകിയ തുക ₹13,692/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

അധികം തുക നൽകിയതിനും പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. ആയതിനാൽ ടി പദ്ധതിക്ക് തൻവർഷം ചെലവാക്കിയ ₹7,14,137/- (₹7,27,829/- (-) നിരാകരിച്ച ₹13,692/- ഒഴികെയുള്ള തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 എം.സി.എഫ്.- ന് സ്ഥലം വാങ്ങൽ - കൈവശഭൂമിയുടെ വിവരം ലഭ്യമല്ല - ₹53,00,000/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	13/25, എം.സി.എഫ്. - ന് സ്ഥലം വാങ്ങൽ
അടങ്കൽ (₹)	53,00,000/- തനത്ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ആകെച്ചെലവ് (₹)	53,00,000/-
ബിൽ നം./വൗച്ചർ നം./തീയതി/തുക (₹)	290526/28.03.2025/52,47,000/-
	290557/22.05.2025/53,000/-

ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് 2024-2025 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി എം.സി.എഫ്. നിർമ്മാണാവശ്യത്തിന് ₹53 ലക്ഷം തനത് ഫണ്ടിൽ നിന്നും, ബാക്കി തുകയായ ₹2 ലക്ഷം വികസനഫണ്ടിൽ നിന്നും ഉൾപ്പെടുത്തി ആകെ 55 ലക്ഷം തുക വകയിരുത്തി വിഭാവനം ചെയ്തതാണ് ഈ പദ്ധതി. എം.എസി.എഫ്. – ന് സ്ഥലംവാങ്ങുന്നതിന് താൽപര്യപത്രം ക്ഷണിച്ചപ്പോൾ ലഭിച്ച മൂന്ന് താൽപര്യപത്രങ്ങളിൽ നിന്ന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ചുമതലപ്പെടുത്തിയ സബ്കമ്മറ്റി അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലമാണ് ശ്രീ അനിൽ പ്ലാത്തറയുടേത്. സെന്റ് ഒന്നിന് ₹1,10,000/- നിരക്കിൽ 60 സെന്റ് സ്ഥലം വാങ്ങാനുള്ള ശിപാർശ അംഗീകരിച്ച് പ്രസ്തുത സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 19.07.2024 – ലെ 6(1) നം. തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ, പീരുമേട് താലൂക്കിൽ ഉപ്പുതറ വില്ലേജിൽ, ഉപ്പുതറ കരയിൽ പ്ലാത്തറ വീട്ടിൽ ശ്രീ ചാണ്ടി മകൻ, ശ്രീ അനിൽ എന്നയാളുടെ കൈവശത്തിലും കരം തീരുവയിലും ഉള്ള സർവ്വേ നമ്പർ 338/17- 1-16, തണ്ടപ്പേർ നമ്പർ 6665 - ൽ ഉൾപ്പെട്ട വസ്തുവിൽ നിന്നും 24 ആർ 29 സ്ക്വയർ മീറ്റർ സ്ഥലം വാങ്ങുവാൻ പഞ്ചായത്ത് തീരുമനിച്ചതിനെത്തുടർന്ന് ₹53 ലക്ഷം തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച് 24 ആർ 29 സ്ക്വയർ മീറ്റർ സ്ഥലം 25.03.2025

– ൽ ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പീരുമേട് സബ് രജിസ്റ്റാർ ഓഫീസിൽ No. 912/25/1. – നമ്പർ ആധാരം രജിസ്റ്റർ ചെയതിട്ടുണ്ട്. ആധാരം പ്രകാരം, വിൽക്കുന്ന വ്യക്തിക്ക് നൽകുവാനുള്ള ബാക്കിത്തുകയായ ₹2 ലക്ഷം വികസനഫണ്ടിൽ ലഭ്യമല്ലാത്തതിനാൽ ആധാരം എഴുതുന്ന സമയത്ത് ടി തുക കൈമാറുവാൻ സാധിക്കാതെ വന്നതിനാൽ 2025-2026 സാമ്പത്തികവർഷത്തിൽ 173/25 - നമ്പർ സ്പിൽ ഓവർ പദ്ധതിയായി വികസനഫണ്ടിൽ (പൊതുവിഭാഗം) ഉൾപ്പെടുത്തി ടി തുക കൈമാറുന്നതിന് വേണ്ടി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി ഫയലിൽ ലഭ്യമായ രേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 26.06.2024 - ലെ ബഹു. ഹൈക്കോടതിയുടെ WP(C) No. 21723/2024 – നം. ഉത്തരവ്.

2. ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 19.07.2024 – ലെ 6 /1 – നമ്പർ തീരുമാനം.

3. 02.08.2025 – ലെ ഉപ്പുതറ വില്ലേജ് ഓഫീസറുടെ 291/24 - നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ്.

4. 13.08.2024 – ലെ ജില്ലാ ഗവ.പ്ലീഡറുടെ A4-381/2C24 - നമ്പർ Title Certificate.

5. 14.02.2025 – ലെ പീരുമേട് തഹസിൽദാറുടെ TLKPMD/354/2025-A6 – നമ്പർ വാല്യുവേഷൻ സർട്ടിഫിക്കറ്റ്.

6. 24.03.2025 - ലെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ LSGD/JD/IDK/1182/2025-A7 – നമ്പർ ഉത്തരവ് പ്രകാരമുള്ള അനുയോജ്യതാസാക്ഷ്യപത്രം

7. സ്ഥലം സംബന്ധമായ രേഖകൾ, വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ്, നികുതി രസീത്, ലൊക്കേഷൻ സ്കെച്ച്, ബാധ്യത സർട്ടിഫിക്കറ്റ് തുടങ്ങിയവ.

മേൽ സൂചിത രേഖകൾ പരിശോധിച്ചപ്പോൾ ലഭ്യമായ പ്രാഥമിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ അനിൽ പ്ലാത്തറയുടെ പേരിൽ, ഫയലിൽ ലഭ്യമായ കരം ഒടുക്കിയ രസീതിൽ (KL06021004509/2023/06.10.2023) പുരയിടമായിട്ടാണ് കൈവശഭൂമിയുടെ വിവരം ചേർത്തിരിക്കുന്നത്. അപ്രകാരമുള്ള ഭൂമിയുടെ പ്രസ്തുത വിവരം ചേർത്ത കൈവശാവകാശ സർട്ടിഫിക്കറ്റ് ഹൈക്കോടതി ഓർഡർ പുറപ്പെടുവിക്കുന്നതുവരെ വില്ലേജ് ഓഫീസർ ലഭ്യമാക്കിയില്ല.

2. മുകളിൽ, ക്രമ നമ്പർ ഒന്ന്, ഹൈക്കോടതിയുടെ ഉത്തരവിൽ, പീരുമേട് ടീ കമ്പനിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി, വാദികൾ കൈമാറ്റത്തിലൂടെ സ്വന്തമാക്കിയെന്നും ഭൂമിക്ക് റവന്യൂ അധികാരികൾ റവന്യൂ സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിച്ചുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. സ്വത്തിനെതിരെ നടപടിയെടുക്കാനുള്ള അവകാശം സംസ്ഥാനത്തിന് സിവിൽ കോടതിയിലൂടെ മാത്രമേ സാധ്യമാകൂവെന്നും നിയമാനുസൃതമായി സ്വത്തിനെതിരെ നടപടിയെടുക്കാനുള്ള സംസ്ഥാനത്തിന്റെ അവകാശത്തിന് വിധേയമായിട്ടാണ് റവന്യൂ സർട്ടിഫിക്കറ്റ് നൽകുന്നതെന്നും പരാമർശിച്ചിട്ടുണ്ട്. അതിനാൽ, സ്വത്തിനെതിരെ വീണ്ടെടുക്കൽ നടപടികൾ സ്വീകരിക്കാനുള്ള സംസ്ഥാനത്തിന്റെ അവകാശത്തിന് വിധേയമായി റവന്യൂ അധികാരികൾ യാതൊരു പ്രതികൂലമായ രേഖപ്പെടുത്തലുമില്ലാതെ ആവശ്യമായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നു. നിർമ്മാണവിഷയത്തിൽ യാതൊരുവിധ ഉത്തരവും പുറപ്പെടുവിക്കുന്നില്ലെന്നും നിർമ്മാണം നിയമാനുസൃതമായിരിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

3. ഹൈക്കോടതിയുടെ ഉത്തരവിൽ, പീരുമേട് ടീ കമ്പനിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി, വാദികൾ കൈമാറ്റത്തിലൂടെ സ്വന്തമാക്കിയെന്ന് പറയുന്നതിനാൽ വാങ്ങിയ ഭൂമി ആത്യന്തികമായി പ്ലാന്റേഷൻ സ്ഥലമാണെന്ന് വ്യക്തമാണ്. ആയതിനാൽ വാങ്ങുന്നതിന് മുമ്പ് ചുവടെ ചേർക്കുന്ന കാര്യങ്ങൾ കൂടി പരിശോധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടായിരുന്നു.

1963 – ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ, വകുപ്പ് 82 പ്രകാരം, ഒരാൾക്ക് കൈവശം വയ്ക്കാവുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. വകുപ്പ് 82 – ൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുമുകളിൽ ഒരാൾക്ക് സ്ഥലം കൈവശം വയ്ക്കാവുന്നതല്ലെന്ന് വകുപ്പ് 83 - ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ചില നിശ്ചിത ആവശ്യങ്ങൾക്ക് വകുപ്പ് 82 – ൽ നിശ്ചയിച്ചിട്ടുള്ള പരിധിക്ക് മുകളിൽ സ്ഥലം കൈവശം വയ്ക്കുന്നതിന് വകുപ്പ് 81 - ൽ അനുമതി നൽകിയിട്ടുണ്ട്. പ്ലാന്റേഷനുകൾ, കശുവണ്ടി എസ്റ്റേറ്റ്, സർക്കാർ ഭൂമി, ഫാക്ടറി ഭൂമി തുടങ്ങിയവയ്ക്കാണ് വകുപ്പ് 83 പ്രകാരം ഇളവ് അനുവദിച്ചിട്ടുള്ളത്. ഇളവ് ലഭിച്ച സ്ഥലത്ത് ഇളവ് ലഭിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നതിന് അനുമതിയുള്ളു. ഇളവ് ലഭിച്ച സ്ഥലത്തിന്റെ ഉടമയ്ക്ക് സ്ഥലം വിൽക്കുന്നതിന് തടസമില്ലെന്നും എന്നാൽ വാങ്ങുന്ന

വ്യക്തി ഇളവ് ലഭിച്ച ആവശ്യത്തിനു മാത്രമേ സ്ഥലം ഉപയോഗിക്കുവാൻ പാടുള്ളുവെന്നും WP(C).No.3258 Of 2008(S) വിധിയിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. 1963 – ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ, സീലിംഗ് പരിധിയ്ക്ക് ഇളവ് അനുവദിക്കുന്ന സ്ഥലം മുറിച്ച് വിൽക്കുന്നതിനൊ തടയുന്നില്ലെങ്കിലും ഇളവ് ലഭിച്ച സ്ഥലത്തിന്റെ തരത്തിന് തുടർച്ചയുള്ളതിനാൽ, വാങ്ങുന്ന വ്യക്തി ഏത് ആവശ്യത്തിനാണോ സ്ഥലത്തിന് ഇളവ് ലഭിച്ചത്, പ്രസ്തുത ആവശ്യത്തിനു മാത്രമേ സ്ഥലം ഉപയോഗിക്കാവു എന്നും മേൽ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. WP(C).Nos.31477/2011, 34777/2011, 1037/2012, 30730/2013, 4803/2014, 24119/2014, 29343/2014 എന്നീ കേസുകളിൽ ബഹു. ഹൈക്കോടതി, 1963 – ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ, വകുപ്പ് 81 പ്രകാരം, ഇളവ് ലഭിച്ച സ്ഥലം മുറിച്ചു വിൽക്കാമെന്നും വിറ്റ സ്ഥലത്തിന്റെ ആധാരം രജിസ്റ്റർ ചെയ്യാമെന്നും സ്ഥലത്തിന്റെ പോക്കുവരവ് നടത്തി കരം ഒടുക്കാമെന്നും എന്നാൽ വാങ്ങുന്നതിന് മുമ്പോ ശേഷമോ സ്ഥലത്തിൽ ഏതെങ്കിലും രീതിയിൽ തരംമാറ്റം/ പരിവർത്തനം ചെയ്തതായി കണ്ടെത്തിയാൽ, അല്ലെങ്കിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചാൽ റവന്യൂ ഉദ്യോഗസ്ഥർ ഇത് താലൂക്ക് ലാൻഡ് ബോർഡിന്റേയോ ഉചിതമായ അധികാരികളുടേയോ ശ്രദ്ധയിൽപ്പെടുത്തി, തരംമാറ്റം വരുത്തിയ ഭൂമി ഇളവ് ലഭിക്കുമ്പോൾ ഉണ്ടായിരുന്ന ഭൂമിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണെന്നും വിധിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്ത് വാങ്ങിയിട്ടുള്ള സ്ഥലം, തേയില കൃഷി നടത്തുന്നതിന് പീരുമേട് ടീ കമ്പനിയ്ക്ക് 1963 – ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ, വകുപ്പ് 81 പ്രകാരം ഇളവ് ലഭിച്ചിരുന്ന ഭൂമിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഇളവ് ലഭിച്ച ഭൂമിയാണെങ്കിൽ പ്രസ്തുത ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കുന്നതിന് സാധിക്കില്ല. ഇത് ലംഘിച്ച് ഗ്രാമപ്പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ചെയ്താൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബഹു. ഹൈക്കോടതി വിധിയുടെയും 1963 - ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 120 – ന്റെ അടിസ്ഥാനത്തിലും വകുപ്പ് 82 പ്രകാരം ഇളവ് ലഭിക്കുമ്പോൾ എസ്റ്റേറ്റ് മാനേജ്മെന്റിന് ഉണ്ടായിരുന്ന സ്ഥലത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതാണ്. ഇത്തരമൊരു സാഹചര്യം ഉണ്ടായാൽ വാങ്ങിയ സ്ഥലം തന്നെ ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവുന്ന സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ അനുമതി ഉത്തരവോ സർക്കാരിൽ നിന്ന് സ്പഷ്ടീകരണമോ തേടിയതിന്റെ രേഖകളോ ഫയലിൽ ഇല്ല.

ബാദ്ധ്യതകൾ ഇല്ലാത്ത ഭൂമിയാണെങ്കിൽ മേൽ ഉത്തരവിന്റെ സാംഗത്യം വ്യക്തമല്ല. മേൽ ഉത്തരവിന് ശേഷം മാത്രമാണ് വില്ലേജ് ഓഫീസർ **കൈവശഭൂമിയുടെ വിവരം ഉൾപ്പെടുത്താതെ** കൈവശാവകാശസർട്ടിഫിക്കറ്റ് നൽകിയത്. സ്ഥലം വാങ്ങുന്നതിൽ ആരോപണമുന്നയിച്ചുകൊണ്ടുള്ള മൂന്ന് മെമ്പർമാരുടെ ഫയലിൽ കാണുന്ന പരാതികളിലെ പ്രധാന ആരോപണം 338 സർവ്വേ നമ്പരിൽ ഉൾപ്പെട്ട ഈ സ്ഥലം തോട്ടഭൂമിയാണെന്നാണ്. കൈവശഭൂമിയുടെ ഇനം പുരയിടം/തോട്ടം ഏതാണെന്ന് ഉറപ്പാക്കുന്ന രേഖകളുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/തീയതി. 25.09.2025) മറുപടി ലഭിച്ചില്ല.

മേൽ സൂചിത സംഗതികളിൽ വ്യക്തത ലഭിക്കും വരെ ഈയിനത്തിലുള്ള ₹53,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പെയിന്റിംഗ് പ്രവൃത്തികൾക്ക് അധികം തുക അനുവദിച്ചു - നഷ്ടം ₹53,742/-

പദ്ധതി നം./പദ്ധതിയുടെ പേര്	140/2024-25, ഉപ്പുതറ മൃഗാശുപത്രി നവീകരണം
അടങ്കൽ (₹)	4,40,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാർ നമ്പർ	23/AE/LID&EW/UPA/2023-24/22.11.2023
കരാറുകാരൻ	ശ്രീ രാജേഷ് പി. ആർ.
ഫയൽ നമ്പർ	77603/2023
അളവ് ബുക്ക് നമ്പർ	E-M-Book
എഗ്രീഡ് പി.എ.സി. (₹)	3,18,017/-
ചെലവ് (₹)	3,57,571/-
ബിൽ റഫറൻസ് നമ്പർ/തീയതി	24100852013801678500/24.03.2025

ഗ്രാമപ്പഞ്ചായത്തിലെ മൃഗാശുപത്രി നവീകരണത്തിന് ആവിഷ്കരിച്ച പ്രസ്തുത പദ്ധതിയിൽ, ഇനം നമ്പർ 8 – ആയി പ്രൈസിലെ 13.46.1 എന്ന അക്രിലിക്ക് പെയിന്റിംഗ് ഇനം 568.246 ച.മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. (Finishing Walls With Acrylic Smooth Exterior Paint Of Required Shade: New Work (Two Or More Coat Applied @ 1.67

Ltr/10 **Sqm Over And Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sq**m). ഇതിനായി ₹550.120/ച.മീറ്റർ എന്ന നിരക്കിൽ ₹66,484.78/- (568.246 X 550.120) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 13.46.1 എന്ന ഈ ഇനത്തിൽ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നു. (Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm.) എന്നിരിക്കെ ഇനം നമ്പർ 7 പ്രകാരം, 567.848 ച.മീറ്റർ (544.175 + Excess Qty 23.673) പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിന് 13.43.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface) നിരക്കും കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും അളവ് ബുക്ക് പ്രകാരം ഇതിനായി ₹44,894.05/-(₹38,045.81+ GST @ 18 % - 6,848.24) കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം കരാറുകാരന് നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. പശുപ്പാറ ടൗൺ ടോയ്‌ലറ്റ് പൂർത്തികരണം

പദ്ധതി നം./പദ്ധതിയുടെ പേര്	281/2024-25, പശുപ്പാറ ടൗൺ ടോയ്‌ലറ്റ് പൂർത്തികരണം	
ആകെ അടങ്കൽ (₹)	3,32,646/-	1,02,646/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
		2,30,000/- കേന്ദ്രാവിഷ്കൃത ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കരാർ നമ്പർ/തീയതി	35/AE/LID&EW/UPA/2023-24/08.12.2023	
കരാറുകാരൻ	ശ്രീ തൻവീർ ഹുസൈൻ	
ഫയൽ നമ്പർ	77643/2023	
അളവ് ബുക്ക് നമ്പർ	E-M-Book	
എഗ്രീഡ് പി.എ.സി. (₹)	3,86,315/-	
ചെലവ് (₹)	1,95,795/-	
വൗച്ചർ നമ്പർ/തീയതി	XFC/24-25/P/1/03.04.2024	

ഇനം നമ്പർ 5 – ആയി പ്രൈസിലെ 13.46.1 എന്ന അക്രിലിക്ക് പെയിന്റിംഗ് ഇനം 115.361 ച.മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. (Finishing Walls With Acrylic Smooth Exterior Paint Of Required Shade: New Work (Two Or More Coat Applied @ 1.67 Ltr/10 Sqm **Over And Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm).** ഇതിനായി ₹151.440/ച.മീറ്റർ എന്ന നിരക്കിൽ ₹20,764.98/- (115.361 X 151.440) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 13.46.1 എന്ന ഈ ഇനത്തിൽ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നു. (Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm.) എന്നിരിക്കെ, ഇനം നമ്പർ 4 പ്രകാരം 115.361 ച.മീറ്റർ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിന് 13.43.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface) നിരക്കും കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവ് ബുക്ക് പ്രകാരം ഇതിനായി ₹8,848.19/- (₹7,498.47 + GST @ 18 % 1,349.72) കരാറുകാരന് അനുവദിക്കുകയും ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

13.46.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള അക്രിലിക്ക് പെയിന്റിംഗ് ഇനത്തിൽ പ്രൈമിംഗ് കോട്ട് ഉൾപ്പെട്ടിരിക്കെ, ഇതിനായി പ്രത്യേക ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവ് ബുക്ക് പ്രകാരം അധികം തുക അനുവദിച്ചതിന് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹53,742/- (₹44,894/- + ₹8,848/-) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-20 കുടിവെള്ളപദ്ധതികൾ പാതിവഴിയിൽ - ലക്ഷ്യം കൈവരിച്ചില്ല - ₹14,84,691/- തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന കുടിവെള്ളപദ്ധതികൾ പഞ്ചായത്ത് എൽ.എസ്.ജി.ഡി., ഡിവിഷൻ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 24.09.2025 – ൽ നേരിട്ട് പരിശോധിച്ചതിൽ, ഈ പദ്ധതികൾ തൻവർഷം പൂർത്തികരിക്കുകയോ തുടർവർഷത്തിൽ പൂർത്തികരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. തൻമൂലം ഈ കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ

പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

1. ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി – വാർഡ് – 14

പദ്ധതി നം.	എസ്.ഒ.248/2024-25
പദ്ധതിയുടെ പേര്	ചൊരായ്ക്കാമൊട്ട കുടിവെള്ള പദ്ധതി വാർഡ് – 14
അടങ്കൽ (₹)	3,84,738/- ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ മോഹനൻ റ്റി.
ഫയൽ നം.	124561/2023-24
എഗ്രീഡ് പി.എ.സി. (₹)	3,19,529.82/-
ചെലവ് (₹)	3,66,280/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നം./തീയതി	241008520138003674 85/05.07.2024

കിണറ്റിൽ നിന്നും 349 മീറ്റർ 65 Mm G.I പൈപ്പ് മാത്രമാണ് കുടിവെള്ളപദ്ധതിയുടെ പാതി സ്ഥലത്ത് ഇട്ടിരിക്കുന്നത്. ടാങ്ക്, ജലവിതരണസംവിധാനം, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തുകയോ തുടർവർഷങ്ങളിൽ പൂർത്തികരണത്തിന് പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

2. ചൊരായ്ക്കാമൊട്ട കുടിവെള്ള പദ്ധതി – വാർഡ് – 14

പദ്ധതി നം.	എസ്.ഒ. 245/2024-25
പദ്ധതിയുടെ പേര്	ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി വാർഡ് – 14
അടങ്കൽ (₹)	2,23,500/- വൗച്ചർ നം.-XVFC/24-25/P-29/18.04.2024
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാർ നമ്പർ	02/AE/LID&EW/ UPA/2024-25/19.06.2024
കരാറുകാരൻ	ശ്രീ മോഹനൻ റ്റി.
ഫയൽ നം.	122277/2023-24
എഗ്രീഡ് പി.എ.സി. (₹)	1,89,357/-
ചെലവ് (₹)	2,22,661/-
വൗച്ചർ നം./തീയതി	XVFC/24-25 (P-21 TO 25)/18.09.2024

കിണറ്റിൽ നിന്നും 40.200 മീറ്റർ 65 Mm G.I പൈപ്പ്, മോട്ടാർ ഷെഡ്, 7.50 HP മോട്ടോർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ടാങ്ക്, ജലവിതരണസംവിധാനം, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തുകയോ തുടർവർഷങ്ങളിൽ പൂർത്തികരണത്തിന് പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

3. മുല്ല കുടിവെള്ളപദ്ധതി – വാർഡ് – 3

പദ്ധതി നം.	എസ്.ഒ.15/2024-25
പദ്ധതിയുടെ പേര്	മുല്ല കുടിവെള്ളപദ്ധതി വാർഡ് -3
അടങ്കൽ (₹)	2,50,000/-ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാർ നമ്പർ	47/AE/LID&EW/UPA/2024-25/10.03.2025
കോൺട്രാക്ടറുടെ പേര്	ശ്രീ മുരുഗേശൻ എൻ.
ഫയൽ നം.	65590/2022
എഗ്രീഡ് പി.എ.സി. (₹)	1,84,184/-
ചെലവ് (₹)	2,17,087/-
വൗച്ചർ നം./തീയതി	XVFC/24-25-P/69/28.03.2025

രണ്ട് 5000 ലിറ്റർ പി.വി.സി. ടാങ്ക്, 360 മീറ്റർ 65 Mm HDPE പൈപ്പ് എന്നിവ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ പദ്ധതി മൂലം പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. തുടർവർഷങ്ങളിൽ പൂർത്തീകരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടില്ലാത്തിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

4. മത്തായിപ്പാറ കുടിവെള്ള പദ്ധതി – വാർഡ് – 4

പദ്ധതി നം.	എസ്.ഒ.196/2024-25
പദ്ധതിയുടെ പേര്	മത്തായിപ്പാറ കുടിവെള്ളപദ്ധതി – വാർഡ് – 4
അടങ്കൽ (₹)	3,48,994/- ധനകാര്യ കമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ മുരുഗേശൻ എൻ.
കരാർ നമ്പർ	1/AE/LID&EW/UPA/2024-25/07.06.2024
ഫയൽ നം.	119365/2023
എഗ്രീഡ് പി.എ.സി. (₹)	2,95,758/-
ചെലവ് (₹)	3,31,584/-
ബിൽ നം./തീയതി	24100852013800513888/07.08.2024

കിണറിന്റെ മുകളിൽ കമ്പിവല സ്ഥാപിച്ച് 1 HP മോട്ടോർ, സ്ടാർട്ടർ, 2000 ലിറ്റർ പി.വി.സി. ടാങ്കു് എന്നീവ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ജലവിതരണസംവിധാനം, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ പദ്ധതി മൂലം പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. തുടർവർഷങ്ങളിൽ പൂർത്തീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

5. ആനിക്കുഴി കുടിവെള്ളപദ്ധതി – വാർഡ് – 4

പദ്ധതി നം.	എസ്.ഒ.333/2024-25
പദ്ധതിയുടെ പേര്	ആനിക്കുഴി കുടിവെള്ള പദ്ധതി – വാർഡ് – 4
അടങ്കൽ (₹)	2,23,500/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ ബിനു എം.ജെ.
കരാർ നമ്പർ	38/AE/LID&EW/ UPA/2024-25/04.03.2025
ഫയൽ നം.	11018/2025
എഗ്രീഡ് പി.എ.സി. (₹)	1,73,036/-
ചെലവ് (₹)	1,65,099/-
വൗച്ചർ നം./തീയതി	നം-XVFC/24-25-P/75/29.03.2025

7.50 HP മോട്ടോർ, സ്ടാട്ടർ, 40mm HDPE പൈപ്പ് 160 മീറ്റർ, ELCB ബോർഡ് എന്നിവ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ജലവിതരണസംവിധാനം, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. HDPE പൈപ്പ് റോഡിന്റെ വശത്ത് പ്രയോജനരഹിതമായി ഇട്ടിരിക്കുന്നു. നിലവിൽ പദ്ധതി മൂലം പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. തുടർവർഷങ്ങളിൽ പൂർത്തികരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. പാഴ്ച്ചെലവ്.

6. മാമരത്തുംമൊട്ട കുടിവെള്ള പദ്ധതി – വാർഡ് – 8

പദ്ധതി നം.	എസ് 048/2024-25
പദ്ധതിയുടെ പേര്	മാമരത്തുംമൊട്ട കുടിവെള്ളപദ്ധതി – വാർഡ്-8
അടങ്കൽ	2,50,000/- ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ മുരുഗേശൻ എൻ.
കരാർ നമ്പർ	46/AE/LID&EW/ UPA/2024-25/10.03.2025
ഫയൽ നം.	10804/2025
എഗ്രീഡ് പി.എ.സി.	1,60,066/-
ചെലവ് (₹)	1,81,980/-
വൗച്ചർ നം./തീയതി	XVFC/24-25-P/70/28.03.2025

63 Mm HDPE പൈപ്പ് 450 മീറ്റർ, മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ജലവിതരണസംവിധാനം, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ പദ്ധതി മൂലം പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. തുടർ വർഷങ്ങളിൽ പൂർത്തീകരണത്തിനായി പദ്ധതി ആവിഷ്കരിച്ചില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

വ്യക്തമായ പദ്ധതി തയ്യാറാക്കി, ആകെ ആവശ്യമായ അടങ്കൽ നിർണ്ണയിച്ച് ഒരു വാർഷികപദ്ധതിയിൽ

നിർമ്മിക്കുന്നതിന് സാധിക്കില്ലെങ്കിൽ ബഹുവർഷപദ്ധതിയായോ ഫണ്ടിന്റെ അഭാവമുണ്ടെങ്കിൽ സംയുക്ത പദ്ധതിയായോ ഏറ്റെടുത്ത് വേണം നിർമ്മാണം നടത്തേണ്ടിയിരുന്നത്. പൂർത്തീകരണത്തിന് ആവശ്യമായ തുക വകയിരുത്താതെയാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി പദ്ധതി ആവിഷ്കരിക്കാത്തതിനും മറ്റ് അപാകങ്ങൾക്കും വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീയതി. 26.09.2025) മറുപടി നൽകിയില്ല. പ്രസ്തുത പദ്ധതികൾ പൂർത്തികരിച്ച് ലക്ഷ്യം കൈവരിക്കുന്നതു വരെ മേൽ കൊടുത്തിരിക്കുന്ന പദ്ധതികൾക്ക് ആകെ ചെലവഴിച്ച ₹14,84,691/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.- യ്ക്ക് തുക നൽകൽ - അനിവാര്യചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പാക്കി - ₹48,756/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	317/25, പോസ്റ്റ് ഷിഫ്റ്റിംഗ് അധികംതുക നൽകൽ
അടങ്കൽ (₹)	50,000/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് (₹)	48,756/-
ബിൽ നം./തീയതി	XY6571601/16.11.2025

തേക്കുമ്മൂട് ഭായിപ്പടി, പ്ലാമ്മൂട് ആഴംകാല റോഡ്, നാലുമുക്ക് റോഡ് എന്നീയിടങ്ങളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി മുൻവർഷം കെ.എസ്.ഇ.ബി. – യിൽ നിന്ന് ₹1,22,424/- – യുടെ എസ്റ്റിമേറ്റ് ലഭ്യമായപ്പോൾ പദ്ധതി നടപ്പാക്കാൻ ആ വർഷം തന്നെ തുക നൽകിയിരുന്നു. മുൻവർഷം നടപ്പാക്കിയ പോസ്റ്റ് ഷിഫ്റ്റിംഗിന് എസ്റ്റിമേറ്റ് നൽകിയതിന് ശേഷം നിരക്കിൽ വർദ്ധനയുണ്ടായെന്ന് സൂചിപ്പിച്ച് കെ.എസ്.ഇ.ബി. – യിൽ നിന്ന് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മേൽ തുക മാറി നൽകി. പദ്ധതി ഇതുവരെ നടപ്പാക്കിയോയെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ അനിവാര്യചുമതലയിൽ ഉൾപ്പെട്ട പ്രവൃത്തിയല്ല ഇത്. അനുവാദത്തോടെ മാത്രം ഗ്രാമപ്പഞ്ചായത്ത് റോഡുകളിൽ കെ.എസ്.ഇ.ബി. പോസ്റ്റുകൾ സ്ഥാപിക്കുന്നു എന്നതിനാൽ അത്തരം റോഡുകൾ വീതി കൂട്ടുന്ന അവസരത്തിൽ പോലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. – യോട് നിർദ്ദേശിക്കുകയല്ലാതെ അതിന് വേണ്ടി തുക ചെലവഴിക്കാൻ ഗ്രാമപ്പഞ്ചായത്തിന് ബാദ്ധ്യതയില്ലാത്തതാണ്. വ്യക്തിയിൽ നിന്ന് പരാതി ലഭിക്കുന്ന അവസരത്തിൽ പൊതുജനതാൽപര്യാർത്ഥം, പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി. – യ്ക്ക് കത്ത് നൽകുകയും കെ.എസ്.ഇ.ബി. – യോട് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ ദുരന്തനിവാരണഅതോറിറ്റി ചെയർമാനായ ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ തേടുകയായിരുന്നു ആദ്യം ചെയ്യേണ്ടിയിരുന്നത്. ഇക്കാര്യങ്ങൾ വിശദീകരിച്ച് പോസ്റ്റ് മാറ്റുന്നതിന് വേണ്ടി തുക ചെലവഴിക്കാൻ ഗ്രാമപ്പഞ്ചായത്തിന് അനുവാദം ലഭിച്ചിട്ടുള്ളതല്ലെന്ന് സെക്രട്ടറി ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നു. അല്ലെങ്കിൽ, മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ടി പ്രവൃത്തിയുടെ നടത്തിപ്പിന് മുൻകൂർ അനുവാദം ലഭ്യമാക്കേണ്ടതായിരുന്നു. ഭാവിയിൽ അനിവാര്യചുമതലയിൽ ഉൾപ്പെട്ട പദ്ധതികൾ മാത്രം നടപ്പാക്കേണ്ടതും ചുമതലയിൽ ഉൾപ്പെടാത്ത ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് മുമ്പ് മേൽപറഞ്ഞതു പോലെയുള്ള നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതും നടപ്പാക്കൽ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മുൻകൂർ അനുമതി ലഭ്യമാക്കി മാത്രം നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/തീയതി. 26.09.2025) മറുപടി നൽകിയില്ല. എസ്റ്റിമേറ്റ് വർദ്ധന വ്യക്തമാക്കുന്ന യാതൊരു അനുബന്ധരേഖയുമില്ലാതെ തുക മാറി നൽകിയതിനാൽ ഈയിനത്തിലുള്ള ചെലവ് ₹48,756/- തടസ്സപ്പെടുത്തുന്നു.

1-22 ബയോ ഷ്രെഡർ യൂണിറ്റ് - വാങ്ങിയതിൽ അപാകങ്ങൾ - ₹4,99,942/-തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.ഒ.176/2024-25, ബയോഷ്രെഡർ യൂണിറ്റ്	
അടങ്കൽ (₹)	5,00,000/-	1,50,000/- വികസനഫണ്ട്
		3,50,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് (₹)	4,99,942/-
ബിൽ നം./തീയതി/തുക (₹)	23100852013001495047/23.03.2024/1,49,942/-
	XVFC/2023-24/P/48/22.08.2024/3,00,000/-

15.03.2024 - ൽ സ്ഥാപിച്ച ബയോ ഷ്രെഡർ യൂണിറ്റ് 3 മാസം കഴിഞ്ഞപ്പോൾ പ്രവർത്തനരഹിതമായി. മെഷിന് 12 മാസത്തെ വാറണ്ടി ഉണ്ടായിരുന്നിട്ടും മെഷിൻ നന്നാക്കുകയോ ബന്ധപ്പെട്ട കമ്പനിയെ അറിയിക്കുകയോ ചെയ്തില്ല. ബയോഷ്രെഡർ യൂണിറ്റ് നേരിൽ പരിശോധിച്ചതിൽ ഈ മെഷിൻ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ അസംബിൾ ചെയ്ത് സപ്ലൈ ചെയ്തിട്ടുണ്ടെന്നും ഗുണനിലവാരം ഇല്ലാത്ത മെഷീൻ അമിത വില നൽകി വാങ്ങിയിരിക്കുന്നതാണെന്നും ബോദ്ധ്യപ്പെട്ടു. ബയോ ഷ്രെഡർ യൂണിറ്റ് സപ്ലൈ ചെയ്ത ഇടനിലക്കാരായ കമ്പനിയുമായി കരാറിൽ പഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല. മെഷീൻ വാങ്ങലുമായി ബന്ധപ്പെട്ട് പർച്ചേസ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ഫയലിൽ ലഭ്യമല്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മെഷീന്റെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/ തീയതി. 26.09.2025) മറുപടി നൽകിയില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ചെലവഴിച്ച ₹4,99,942/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-23 ആനപ്പള്ളം സബ്സെന്ററിന് കെട്ടിടനിർമ്മാണം - എൻ.എച്ച്.എം. - ന് തുക കൈമാറി - നിർമ്മാണം ആരംഭിച്ചില്ല - ₹27,75,000/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.ഒ., 367/25, ആനപ്പള്ളം സബ്സെന്റർ നിർമ്മാണം – എൻ.എച്ച്.എം. - ന് തുക കൈമാറൽ
അടങ്കൽ (₹)	27,75,000/- (ഹെൽത്ത് ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് (₹)	27,75,000/-
വൗച്ചർ നമ്പർ/തീയതി	22401078/25.03.2025

മേൽ പദ്ധതി പ്രകാരം, ആനപ്പള്ളം സബ് സെന്റർ നിർമ്മാണത്തിന് എൻ.എച്ച്.എം. – ന് ₹27,75,000/- കൈമാറിയിട്ടുണ്ട്. എന്നാൽ എൻ.എച്ച്.എം. നാളിതുവരെ സബ്സെന്റർ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിലവിൽ സബ്സെന്റർ, പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളിൽ പരിമിതസൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. ഇതുവരെയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി അധികാരികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ, പദ്ധതി പൂർത്തീകരിക്കുന്നതുവരെ ₹27,75,000/- – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 ലൈഫ് ഭവനപദ്ധതി - അപാകങ്ങൾ

സമ്പൂർണ്ണപാർപ്പിടസുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ 31.07.2017 – ലെ സ.ഉ.(കൈ)നം.151/2017/ ത.സ്വ.ഭ.വ. പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഖണ്ഡിക നം.5.2 – ൽ ഗുണഭോക്തക്കളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതോടൊപ്പം നിലവിൽ ഭവനരഹിതരെങ്കിലും സ്വന്തമായൊരു വീടുവയ്ക്കാൻ സർക്കാരിന്റെയോ പൊതുസമൂഹത്തിന്റെയോ കൈത്താങ്ങ് ആവശ്യമില്ലാത്തവരെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടവരെ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കുന്നതിനും ഗ്രാമപ്പഞ്ചായത്തുകളിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (പട്ടികവർഗ്ഗത്തിന് ബാധകമല്ല). കരാർ വ്യവസ്ഥ 2 പ്രകാരം, ലൈഫ് ഭവനനിർമ്മാണത്തിന് അഞ്ചു ഗഡുക്കൾ ആയി നിർമ്മാണഘട്ടങ്ങൾ പൂർത്തിയാകുന്നതനുസരിച്ച് ₹4 ലക്ഷം ഗുണഭോക്താവിന് നല്കുന്നതാണ്. വ്യവസ്ഥ 3 പ്രകാരം, വ്യാജരേഖകൾ ഹാജരാക്കിയോ തെറ്റിദ്ധരിപ്പിച്ചോ മറ്റേതെങ്കിലും തരത്തിലോ ഗുണഭോക്തൃ പട്ടികയിൽ കടന്നുകൂടിയവരെ അനർഹർ എന്നു തെളിയിക്കുന്ന പക്ഷം ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും അങ്ങനെ സംഭവിക്കുന്ന പക്ഷം പദ്ധതി പ്രകാരം ഏതെങ്കിലും ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക 12 % പലിശ സഹിതം തിരിച്ചടക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

<u>അനർഹരായ 23 ഗുണഭോക്താക്കൾക്ക് നൽകിയ തുക ₹54.20 ലക്ഷം തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.</u>

ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിക്കുന്ന ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ 05.12.2022 – ൽ കൂടിയ ഗ്രാമപ്പഞ്ചായത്ത് സാധാരണ യോഗത്തിൽ 3/1 – നമ്പർ തീരുമാനം പ്രകാരം, ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടതും കരാറിൽ ഏർപ്പെട്ട്, എന്നാൽ നിർവ്വഹണഘട്ടത്തിൽ അനർഹനാണെന്ന് നിർവ്വഹണോദ്യോഗസ്ഥർ നിലവിൽ കണ്ടെത്തിയതുമായ ഗുണഭോക്താക്കളുടെ പട്ടിക വിശദമായി പരിശോധിച്ചു. നിർവ്വഹണോദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ചും രേഖകൾ വ്യാജമായി ചമച്ചും ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് അനർഹമായി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതെന്ന് യോഗത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അനർഹരായ ഗുണഭോക്താക്കൾ കൈപ്പറ്റിയിരിക്കുന്ന തുക റവന്യൂ റിക്കവറിയായി തിരികെ ഒടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയേയും നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെയും ചുമതലപ്പെടുത്തി ഐക്യകണ്ഠേന തീരുമാനിച്ചു.

24.06.2025 – ൽ കൂടിയ ഗ്രാമപ്പഞ്ചായത്ത് യോഗത്തിന്റെ 3/1 – നം.തീരുമാനം

ലൈഫ് ഭവനപദ്ധതി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അനർഹമായി ആനുകൂല്യം കൈപ്പറ്റിയ 23 പേർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് 09.12.2022 – ൽ കൂടിയ ഗ്രാമപ്പഞ്ചായത്ത് സാധാരണ യോഗത്തിൽ 3/1 തീരുമാനം നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. എന്നാൽ ഇവരിൽ ശ്രീമതി കെ.വി.ലളിതമ്മ, ശ്രീമതി സെലിൻ രാജൻ എന്നിവർ ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരാണെന്ന് യഥാക്രമം 10.02.2023 – ലെ 32(1), 30.06.2023 - ലെ 6(1) – നമ്പർ തീരുമാനങ്ങൾ പ്രകാരം പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തികളെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷനിൽ നിന്നുള്ള 06.05.2024 - ലെ LM/IDK/68/24 -നമ്പർ കത്ത് പ്രകാരം, അന്വേഷിച്ചതിൽ (1) ശ്രീ വി.പി.ജോൺ, വട്ടുകുളം, ചീന്തലാർ, (2) ശ്രീമതി ആഷാ ഷാൽ, വെട്ടിക്കാട്ടിൽ, ഉപ്പുതറ എന്നിവരും അനർഹമായി വീടിന് ധനസഹായം കൈപ്പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 23 ഗുണഭോക്താക്കളുടെ നിലവിലെ, കൃത്യമായ മേൽവിലാസവും കൈപ്പറ്റിയ തുകയും പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നിർവഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക റവന്യു റിക്കവറി മുഖേന തിരികെ ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ക്രമ നം.	വാർഡ്	പേര്	ആകെ കൈപ്പറ്റിയ തുക (₹)	അവസാന ഗഡു തുക നൽകിയ തീയതി	റിമാർക്ക്സ്
1	1	ശ്രീ സാബു എബ്രഹാം തെക്കേകൊലായിൽ മത്തായിപ്പാറ പി.ഒ. വളകോട്.	3,60,000/-	11.11.2020	ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.
2	2	ശ്രീമതി ലൈസാമ്മ സജി മൂലേചാലിൽ, മത്തായിപ്പാറ പി.ഒ. കോതപ്പാറ	40,000/-	18.04.2019	വാർക്ക കഴിഞ്ഞു. പണികൾ പൂർത്തീകരിച്ച് വരുന്നു.
3	5	ശ്രീ തോമസ് ജോസഫ് പുത്തൻപുരക്കൽ ഉപ്പുതറ പി.ഒ.	3,00,000/-	25.06.2021	വാർക്ക കഴിഞ്ഞു. മറ്റ് പണികൾ പൂർത്തീകരിച്ചിട്ടില്ല
4	8	ശ്രീമതി സെലിൻ നെൽസൺ പുത്തൻവീട്ടിൽ മത്തായിപ്പാറ പി.ഒ.	3,60,000/-		ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.

		വളകോട്			
5	10	ശ്രീ വി.പി.ജോൺ വട്ടുകുളം, ലോൺട്രീ പി.ഒ. ചീന്തലാർ	3,60,000/-	11.5.2022	ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.
6	10	ശ്രീമതി രത്തിനത്തായി W/O വെള്ളയ്യൻ പുത്തൂർ വീട് ലോൺട്രീ പി.ഒ. ചീന്തലാർ 3 ഡിവിഷൻ	3,00,000/-	25.06.2021	വാർക്ക കഴിഞ്ഞു. മറ്റ് പണികൾ പൂർത്തീകരിച്ചിട്ടില്ല
7	10	ശ്രീമതി സറ്റെനോയ് എം. രാശി ഭവൻ, ലോൺട്രീ പി.ഒ. ലോൺട്രി	40,000/-	02.01.2021	വാർക്ക കഴിഞ്ഞു. പണികൾ പൂർത്തീകരിച്ച് വരുന്നു.
8	10	ശ്രീ ആഷിഷ് പി. ആനന്ദൻ പുത്തൻപറമ്പിൽ പശുപ്പാറ പി.ഒ. ആനപ്പള്ളം	3,60,000/-	06.02.2021	ഭവനനിർമ്മാണം പൂർത്തീകരിച്ചു.
9	10	ശ്രീമതി പത്മ ചന്ദ്രൻ ചീന്തലാർ പി.ഒ. ചീന്തലാർ 3-ാം ഡിവിഷൻ	40,000/-	09.08.2021	ആദ്യഗഡു ₹40,000/- കൈപ്പറ്റി. Lions Club ഭവനം നിർമ്മിച്ച് നൽകി.
10	10	ശ്രീ ബിജു എ. പുതുപ്പറമ്പിൽ ചീന്തലാർ പി.ഒ. ചീന്തലാർ 3-ാം ഡിവിഷൻ	3,60,000/-	09.08.2021	ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.
11	11	ശ്രീമതി ആശാ ഷാൽ വെട്ടിക്കാട്ടിൽ ഉപ്പുതറ പി.ഒ. ഒൻപതേക്കർ	4,00,000/-	30.10.2020	ഭവനനിർമ്മാണം പൂർത്തീകരിച്ചു.
12	12	ശ്രീമതി സെൽവി W/O രാജീവ് കൊട്ടുപറമ്പിൽ പത്തേക്കർ	40,000/-		തറ കെട്ടി
13	12	ശ്രീ വർഗ്ഗീസ്സ് അഗസ്റ്റിൻ പാറക്കൽ, ഉപ്പുതറ പി.ഒ.	3,00,000/-	09.08.2021	ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.
14	13	ശ്രീ മത്തായി കാഞ്ഞിരത്തുങ്കൽ ലോൺട്രീ പി.ഒ. ലോൺട്രി	3,60,000/-	10.08.2021	ഗുണഭോക്താവ് മരണപ്പെട്ടു.
15	13	ശ്രീമതി മരിയശെൽവം ലോൺട്രീ പി.ഒ. ലോൺട്രി എസ്റ്റേറ്റ്	40,000/-	20.07.2020	തറ കെട്ടി
16	13	ശ്രീ ശ്രീജിത്ത് എസ്.	40,000/-	18.03.2020	തറ കെട്ടി

		ചാലുങ്കൽ, ലോൺട്രീ പി.ഒ. ലോൺട്രി			
17	13	ശ്രീ ബിനോയി ജോസഫ് ഇടത്തിപ്പറമ്പിൽ ലോൺട്രീ പി.ഒ. ലോൺട്രി	3,60,000/-	30.03.2021	ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.
18	13	ശ്രീ സന്തോഷ് കറുപ്പുസ്വാമി കെ. ചപ്പാത്ത് പി.ഒ. കരിന്തരുവി.	1,00,000/-	02.01.2021	ഭവനനിർമ്മാണം പൂർത്തീകരിച്ചു
19	13	ശ്രീമതി ഭാനുമതി സോമൻ കുട്ടൻകുളങ്ങര കെ ചപ്പാത്ത് പി.ഒ. കരിന്തരുവി	3,00,000/-	09.02.2022	വാർക്ക കഴിഞ്ഞു.
20	14	ശ്രീ ഐ. ജോൺ അജിത്ത് ഭവൻ കെ ചപ്പാത്ത് പി.ഒ. കരുന്തരുവി	3,60,000/-	11.06.2020	ഭവനനിർമ്മാണം പൂർത്തീകരിച്ച് താമസിക്കുന്നു.
21	14	ശ്രീ ടോമി എ.പി ഏഴോലിൽ കെ ചപ്പാത്ത് പി.ഒ. കരിന്തരുവി.	3,00,000/-	26.12.2019	തറ കെട്ടി
22	15	ശ്രീ വിദ്യാധരൻ സി.ആർ. ചവറനാനിക്കൽ ചിന്നാർ പി.ഒ. നാലാംമൈൽ	40,000/-	18.04.2019	ഫൌണ്ടേഷൻ ചെയ്തിരുന്നു, എന്നാൽ ടി സ്ഥലത്ത് വെള്ളം കയറുന്നതിനാൽ ഭവനനിർമ്മാണത്തിന് കഴിയില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിവരം അറിയിച്ചിട്ടുള്ളതാണ്.
23	16	ശ്രീ രഘു എസ്. മോഹൻ ഭവൻ ചീന്തലാർ ഒന്നാം ഡിവിഷൻ ചീന്തലാർ	40,000/-	09.07.2021	ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

രേഖകൾ പ്രകാരം അനർഹരായ മേൽ സൂചിത 23 ഗുണഭോക്താക്കൾക്ക് ₹54,20,000/- നൽകിയത് തിരിച്ചുപിടിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയോ നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

2. ശ്രീ വി.പി. ജോൺ, വട്ടുകുളം

ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് ലൈഫ് ഭവനനിർമ്മാണപദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ, ശ്രീ വി.പി.ജോൺ വട്ടുകുളം, ചീന്തലാർ മൂന്നാം ഡിവിഷൻ, ലൈഫ് ഗുണഭോക്താവാണെന്നും ലൈഫ് ഭവനനിർമ്മാണത്തിന് 29.09.2018 -ൽ കരാർ വെച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജ് പൂർത്തീകരിച്ചതനുസരിച്ച് ₹3.6 ലക്ഷം കൈപ്പറ്റിയിട്ടുണ്ട്. (1) ₹40,000/- (2) 1,60,000/- 11.06.2020 (3) ₹1,00,000/-, 17.03.2022 (4) ₹60,000/-, 11.05.2022). ശ്രീ വി.പി.ജോൺ ലൈഫ് ഭവനനിർമ്മാണപദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ചെങ്കിലും അവസാന ഗഡുവായ ₹40,000/- കൈപ്പറ്റിയതിന്റെ രേഖകളില്ല. ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിന്റെ 19.08.2023 – ലെ കത്ത് പ്രകാരം, വില്ലേജ് ഓഫീസിൽ നിന്നും അപേക്ഷകന്റെയും കുടുംബത്തിലുള്ളവരുടെയും സ്ഥലവിവരങ്ങൾ ആവശ്യപ്പെടുകയും വില്ലേജ് ഓഫീസറിന്റെ

21.08.2023 - ലെ 427/23 – നമ്പർ കത്ത് പ്രകാരം, ശ്രീ വി.പി.ജോൺ പൗലോസ്, വട്ടുകുളം വീട്, ചിന്തലാർ നമ്പർ 3 ഡിവിഷൻ എന്നയാളുടെ പേരിൽ തണ്ടപ്പര് നമ്പർ 187, സർവ്വെ നമ്പർ 916 – ൽ 0.6070 ഹെക്ടർ വസ്തു ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തു. (150.01 സെന്റ്). നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 24.08.2023 – ലെ കത്ത് പ്രകാരം വില്ലേജ് ഓഫീസറുടെ 21.08.2023 – ലെ 427/23 – നമ്പർ കത്ത് സഹിതം ശ്രീ വി.പി.ജോൺ, വട്ടുകുളം വീട്, ചീന്തലാർ മൂന്നാം ഡിവിഷൻ എന്നയാൾ ലൈഫ് ഭവനനിർമ്മാണത്തിന് ആകെ ₹3,60,000/- കൈപ്പറ്റിയതായും എന്നാൽ ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത അപേക്ഷകന് 0.6070 ഹെക്ടർ ഭൂമി ഉള്ളതിനാൽ ധനസഹായം അനർഹമായി കൈപ്പറ്റിയതായി അറിയിക്കുകയും പ്രസ്തുത തുക 12 % പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്ക് 04.10.2023 - ൽ കത്ത് നൽകിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖാന്തിരം അറിയിപ്പ് നൽകിയിട്ടും നാളിതുവരെ അനർഹമായി കൈപ്പറ്റിയ ധനസഹായം 12 % പലിശ സഹിതം തിരിച്ചു പിടിക്കുന്നതിന് ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് കർശന നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താവായ ശ്രീ വി.പി.ജോൺ, തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ജനപ്രതിനിധിയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാണ്. മാതൃകാപരമായി പ്രവർത്തിക്കേണ്ട ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും തന്നെ വീഴ്ചകൾ ഉണ്ടായതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈഫ് പദ്ധതിയിലെ തുക അനുവദിച്ചത് സംബന്ധിച്ച വിഷയങ്ങൾ നിലവിൽ വിജിലൻസ് അന്വേഷണത്തിലുമാണ്.

3. ശ്രീമതി ആശാ ഷാൽ W/O ശ്രീ ഷാൽ മോൻ വി.എസ്.

ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് ലൈഫ് ഭവനനിർമ്മാണപദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ, ശ്രീമതി ആശാ ഷാൽ, W/O ശ്രീ ഷാൽ മോൻ വി.എസ്., LF-1620368/6/606/11-HUDCO-ID-810281 പ്രകാരം, ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താവാണെന്നും ഭവനനിർമ്മാണത്തിന്റെ സ്റ്റേജ് പൂർത്തീകരിച്ചതനുസരിച്ച് ₹4 ലക്ഷം കൈപ്പറ്റിയിട്ടുമുണ്ട്. (1) ₹40,000/- തീയതി 23.03.2019, (2) 1,60,000/- തീയതി 23.05.2019, (3) 1,00,000/- തീയതി. 01.06.2020, (4) ₹60,000/- തീയതി 09.06.2020, (5) ₹40,000/- തീയതി 30.10.2020 എന്നിങ്ങനെ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം ലൈഫ് ഭവനനിർമ്മാണപദ്ധതി പ്രകാരം പൂർത്തീകരിച്ചു. ഗ്രാമപ്പഞ്ചായത്തിനു ലഭിച്ച പരാതി പ്രകാരം, വില്ലേജ് ഓഫീസിൽ നിന്നും അപേക്ഷകയുടെയും കുടുംബത്തിലുള്ളവരുടെയും സ്ഥലവിവരങ്ങൾ ആവശ്യപ്പെടുകയും വില്ലേജ് ഓഫീസർ 29.07.2021 - ലെ കത്ത് പ്രകാരം, ശ്രീ ഷാൽ മോൻ വി.എ., വെട്ടിക്കാട്ടിൽ എന്ന വ്യക്തിയുടെ പേരിൽ തണ്ടപ്പര് നമ്പർ.6059/സർവ്വെ നമ്പർ.906/26, 0.0475 ഹെക്ടർ (11.7 സെന്റ്) വസ്തുവും സർവ്വെ നമ്പർ.748 – ൽ 0.5098 ഹെക്ടർ (1 ഏക്കർ 26 സെന്റ്) വസ്തുവും ഉള്ളതായി റിപ്പോർട്ട് ചെയ്തു. ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിന്റെ 23.10.2020 – ലെ കത്ത് പ്രകാരം, അപേക്ഷകയുടെ കുടുംബത്തിന് 25 സെന്റിൽ കൂടുതൽ സ്ഥലം ഉള്ളതിനാൽ ലൈഫ് ഭവനപദ്ധതിക്ക് അർഹതയില്ലാത്തതിനാൽ ആനുകൂല്യമായി കൈപ്പറ്റിയ മുഴുവൻ തുകയും 12 % പലിശ സഹിതം എഴുദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നല്കി അനർഹമായി കൈപ്പറ്റിയ ധനസഹായം തിരിച്ചു പിടിക്കുന്നതിന് കർശനനടപടികൾ ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ശ്രീമതി ആശാ ഷാൽ – ന്റെ അപേക്ഷ, റേഷൻ കാർഡ്, ആധാർ കാർഡ്, ഗുണഭോക്താവ് എന്നിവ പ്രകാരം അപേക്ഷകയുടെ കുടുംബത്തിലെ അംഗവും ഭർത്താവുമാണ് ശ്രീ ഷാൽ മോൻ വി.എസ്., വെട്ടിക്കാട്ടിൽ.

ലൈഫ് ഭവനപദ്ധതി പ്രകാരം, നാളിതുവരെ എല്ലാ ഗുണഭോക്താക്കൾക്കും നൽകിയ ധനസഹായം പരിശോധിച്ച് അനർഹരെ കണ്ടെത്തിയ വിവരവും കണ്ടെത്തിയ അനർഹർക്ക് നൽകിയ തുക തിരികെ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീയതി. 26.09.2025) മറുപടി നൽകിയില്ല. ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-25 സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു

ഗ്രാമപ്പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവന പെൻഷൻ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ തൻവർഷത്തെ സിവിൽ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പെൻഷണറുടെ പേര്	പെൻഷണർ ഐഡി	മരിച്ച തീയതി	അനർഹമായ കാലയളവ്	നിക്ഷേപിച്ച തുക (₹)	പെൻഷൻ ഇനം
1	ശ്രീ അഗസ്തി ജോസഫ്	Xxx13187	26.09.2024	10/2024 മുതൽ 07/2025 വരെ	16,000/-	ക്ഷേമനിധി ബോർഡ് പെൻഷൻ
2	ശ്രീമതി അമ്മിണി വർഗ്ഗീസ്	Xxxx0805	11.08.2024	10/2024 മുതൽ 07/2025 വരെ	20,800/-	വിധവപെൻഷൻ
3	ശ്രീ ജോസഫ്	Xxxx1271	25.09.2024	10/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
4	ശ്രീ പാപ്പച്ചൻ	Xxxx2122	04.10.2024	11/2024 മുതൽ 07/2025 വരെ	22,400/-	വാർദ്ധക്യകാല പെൻഷൻ
5	ശ്രീമതി തങ്കമ്മ	Xxxx1710	08.09.2024	10/2024 മുതൽ 07/2025 വരെ	16,000/-	വാർദ്ധക്യകാല പെൻഷൻ
6	ശ്രീമതി കുഞ്ഞുമോൻ	Xxxx1482	23.09.2024	10/2024 മുതൽ 07/2025 വരെ	16,000/-	ക്ഷേമനിധി ബോർഡ് പെൻഷൻ
7	ശ്രീ മാണി ചന്ദ്രൻ കെ.എം.	Xxxx2335	16.05.2024	06/2024 മുതൽ 07/2025 വരെ	22,400/-	വിധവ പെൻഷൻ
8	ശ്രീമതി തങ്കമ്മ ശിവരാമൻ	Xxxx0111	03.06.2024	07/2024 മുതൽ 07/2025 വരെ	20,800/-	വികലാംഗപെൻഷൻ
9	ശ്രീമതി തങ്കമ്മ	Xxxx0392	31.05.2024	06/2024 മുതൽ 07/2025 വരെ	22,400/-	വാർദ്ധക്യകാല പെൻഷൻ
10	ശ്രീമതി ഗൗരി കേശവൻ	Xxxx0146	31.05.2024	06/2024 മുതൽ 07/2025 വരെ	22,400/-	കർഷകത്തൊഴിലാളി പെൻഷൻ
12	ശ്രീ ദേവസ്യ വർക്കി	Xxxx1950	14.06.2024	07/2024 മുതൽ 07/2025 വരെ	22,400/-	വാർദ്ധക്യകാല പെൻഷൻ
13	ശ്രീമതി ചെല്ലമ്മ	Xxxx1145	16.07.2024	08/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
14	ശ്രീമതി കല്ല്യാണി കുട്ടപ്പൻ	Xxxx0215	02.07.2024	08/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
15	ശ്രീ കൃഷ്ണൻകുട്ടി നാരായണൻ	Xxxx0728	16.07.2024	08/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
16	ശ്രീ പൗലോസ്	Xxxx0282	29.06.2024	07/2024 മുതൽ 07/2025 വരെ	22,400/-	വാർദ്ധക്യകാല പെൻഷൻ
17	ശ്രീമതി ലക്ഷ്മി	Xxxx3279	05.07.2024	08/2025 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
18	ശ്രീ മത്തായി	Xxxx3144	24.12.2024	01/2025 മുതൽ 07/2025 വരെ	11,200/-	ക്ഷേമനിധി ബോർഡ് പെൻഷൻ
ആകെ					3,39,200/-	

ഗ്രാമപ്പഞ്ചായത്തിൽ മാത്രം തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നതും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ പെൻഷൻ ഐ.ഡി.-കൾ സമയബന്ധിതമായി റദ്ദാക്കാത്തതിനാലാണ് ഇത്തരത്തിൽ അധികച്ചെലവുകൾ ഉണ്ടാകുന്നത്. 23.09.2020 – ലെ സ.ഉ.(സാധാ)നം.97/2020/ധന. ഉത്തരവിൽ, അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. **മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന്** ഉത്തരവിലെ ഖണ്ഡിക നം.സി(12) - ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക നം.സി(13) പ്രകാരം, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശികസർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശികസർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ, അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020 - ലെ നം.67/2020/ധന.-സർക്കുലർ പ്രകാരം, മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ

ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിന് സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് 17.08.2017 – ലെ സ.ഉ.(സാധാ)നം.381/2017/ധന. നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-26 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	86/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ (₹)	4,40,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ചെലവ് (₹)	4,40,000/-
ബിൽ നം./തീയതി	24100352011101413788/03.03.2025

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹4,40,000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും ₹4,00,360/- – യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ₹39,640/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ₹39,640/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തിക വർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

1-27 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 – ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം, പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസനിധി. എന്നാൽ നാളിതുവരെയും ഗ്രാമപ്പഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻനിർത്തി ചട്ടം 3(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-28 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി(എച്ച്.എം.സി.) - വാർഷികകണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173-എ പ്രകാരം, പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് 23.08.2003 – ലെ സ.ഉ.(പി.)നം.259/2003/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ.837/2003) എന്ന വിജ്ഞാപനപ്രകാരം, 2003 - ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010 – ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു (15.06.2010 – ലെ സ.ഉ.(കൈ.)നം.125/2010/ത.സ്വ.ഭവ.(എസ്.ആർ.ഒ.നമ്പർ.598/2010) പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 9(1) -ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. എന്നാൽ ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യസ്ഥാപനം	അവസാനമായി ഓഡിറ്റ് നടന്ന കാലയളവ്	വാർഷികകണക്ക് ലഭ്യമാക്കാത്തവർഷം
എഫ്.എച്ച്.സി., ഉപ്പുതറ	-	നാളിതുവരെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

1994 – ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ (എച്ച്.എം.സി.) വാർഷികകണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് വിധേയമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കിയില്ല

₹5,00,000/- വകയിരുത്തി (പദ്ധതി നം.118/25, കുട്ടികൾക്ക് കായികപരിശീലനവും പരിശീലനക്യാമ്പും ഉപകരണ വിതരണവും) നിർവഹണച്ചുമതല ഹെഡ്മാസ്റ്ററെ ഏൽപിച്ചിരുന്നെങ്കിലും ടി പദ്ധതി നടപ്പാക്കിയില്ല. പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.16/തീയതി. 18.09.2025) മറുപടി നൽകിയില്ല. പദ്ധതികൾ നടപ്പിലാക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-30 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	338/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യം ഒരുക്കൽ
അടങ്കൽ (₹)	2,95,011/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
ചെലവ് (₹)	2,94,195/-
ബിൽ നം./തീയതി	PFMS – CO32548567515/14.03.2025

മേൽ പദ്ധതി പ്രകാരം, മരുന്ന് വാങ്ങലിന് ആകെ ₹2,94,195/- എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ ഒടുക്കിയിരുന്നെങ്കിലും ₹33,488/- – യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ₹2,60,707/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ₹2,60,707/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

1-31 ഇലക്ഷൻ ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടണമെന്നാണ്. വാർഷികധനകാര്യപത്രിക പ്രകാരം, ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹74,500/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - ഉപകരണങ്ങൾ ലഭിച്ചില്ല - ₹2,20,855/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	132/2025, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ
അടങ്കൽ (₹)	12,00,000/- (ഹെൽത്ത് ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
ചെലവ് (₹)	2,20,855/-

ബിൽ നം./തീയതി	24100852008101585142/19.03.2025

മേൽ പദ്ധതി പ്രകാരം, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്ക് ആകെ ചെലവഴിച്ചത് ₹1,11,89,950/- ആണ്. അതിൽ ₹8,98,095/- ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ ചുവടെ കൊടുക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് ₹2,20,855/- കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ ആയി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉപകരണത്തിന്റെ പേര്	പ്രോഫോർമ ഇൻവോയിസ് നമ്പർ/തീയതി	തുക (₹)
1	OXYGEN CONCENTRATER – SINGLE CHAMBER (FRUCHEM)	PRF4355/15.03.2025	1,19,360.64
2	WATER BED (LIFECARE)	PRF4355/15.03.2025	9,775.02
3	AIR BED – PEERLESS	PRF4355/15.03.2025	4,140.00
4	WHEEL CHAIR (LIFE CARE)	PRF4355/15.03.2025	25,559.62
5	WALKER ADJ; FOLDING ALU,ADL	PRF4355/15.03.2025	11,954.26
6	ERYTHROPOIETIN (RENOCRIT 4000IU) PFS	PRF4355/15.03.2025	47,264.00
7	WALKING CANE ADJ; ALU	PRF4355/15.03.2025	2,801.40
ആകെ			2,20,854.94 (2,20,855/-)

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ, സ.ഉ.(സാധാ)നം.876/2013/ത.സ്വ.ഭ.വ. പ്രകാരം, മരുന്നുകൾ വാങ്ങുന്നതിന് മാത്രമാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ തുക അനുവദിക്കാവുന്നത്. ഇതിനു വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി പദ്ധതി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പദ്ധതിയുടെ നിലവിലെ അവസ്ഥയുടെ വിവരം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീയതി. 26.09.2025) മറുപടി നൽകിയില്ല. പ്രവർത്തനോപകരണങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കി പരാമർശം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച ₹2,20,855/- തടസ്സപ്പെടുത്തുന്നു.

1-33 ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.ഒ.167/2025, കർഷകർക്ക് മോട്ടോർ പമ്പ് സെറ്റ് - ജനറൽ	
ആകെ അടങ്കൽ (₹)	14,31,789/-	8,45,163/-വികസനഫണ്ട് (പൊതുവിഭാഗം)
		5,86,626/- മറ്റുള്ളവ
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ	
ആകെച്ചെലവ് തുക (₹)	10,91,026/-	6,74,781/- വികസന ഫണ്ട് (പൊതുവിഭാഗം)
		4,16,245/- മറ്റുള്ളവ

ടി പദ്ധതിയുടെ ഭാഗമായി മോട്ടോർ പമ്പ് സെറ്റും അനുബന്ധസാമഗ്രികളും വാങ്ങിയത് പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപനത്തിൽ നിന്നാണ്. ടി പദ്ധതിയുടെ ഭാഗമായി 2024-2025 സാമ്പത്തികവർഷത്തിൽ മാത്രം ടി സ്ഥാപനത്തിന് ₹2.5 ലക്ഷത്തിൽ അധികം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. - ടി.ഡി.എസ് കുറഞ്ഞനിരക്കിൽ ഈടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ റഫറൻസ് നം./ വൗച്ചർ നം./തീയതി	തുക (₹)	ഈടാക്കിയ ജി.എസ്.ടി. (₹)	ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി. @ 2 % (₹)	ജി.എസ്.ടി. ഈടാക്കിയതിൽ കുറവുള്ള തുക (₹)
1	24100852007800228122, 30.05.2024	90,837/-	0	1,817/-	1,817/-
2	24100852007800268101, 12.06.2024	1,67,699/-	0	3,354/-	3,354/-
3	24100852007800420611, 18.07.2024	4,16,245/-	8,324/-	8,324/-	0
4	22400270/27.07.2024	4,16,245/-	0	8,324/-	8,324/-

ആകെ	10,91,026/-	8,324/-	21,819/-	13,495/-

ടി പദ്ധതി പ്രകാരമുള്ള ബില്ലുകളിന്മേൽ ജി.എസ്.ടി – ടി.ഡി.എസ്. ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീയതി. 24.09.2025) മറുപടി നൽകിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-34 ടിപ്പർ ഡ്രൈവർക്ക് കരാർ വേതനം അധികം നൽകി - നഷ്ടം ₹22,020/-

ധനകാര്യവകുപ്പിന്റെ 11.02.2021 - ലെ സ.ഉ.(പി).നം.29/2021/ധന. ഉത്തരവ് പ്രകാരം, ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ, ടിപ്പർ/ട്രാക്ടർ ഡ്രൈവർ തുടങ്ങിയ തസ്തികകൾ ഉൾപ്പെടുന്ന അനക്സർ കാറ്റഗറി II – ലെ കരാർ ജീവനക്കാർക്ക് നൽകാവുന്ന പരമാവധി മാസവേതനം ₹20,065/- ആണ്. ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ടിപ്പർ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന ശ്രീ മിഥുൻ മണിക്കുട്ടന് 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് മാസം വരെ ടിയാന് ₹21,900/- നിരക്കിൽ മാസവേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വേതനം നൽകിയ മാസം, വർഷം	വൗച്ചർ നം./തീയതി	നൽകിയ തുക (₹)	നൽകേണ്ടിയിരുന്ന തുക (₹)	അധികമായി നൽകിയ തുക (₹)
1	മാർച്ച് 2024	22400261/01.04.2024	21,900/-	20,065/-	1,835/-
2	ഏപ്രിൽ 2024	22400055/01.05.2024	21,900/-	20,065/-	1,835/-
3	മെയ് 2024	22400138/01.06.2024	21,900/-	20,065/-	1,835/-
4	ജൂൺ 2024	22400225/01.07.2024	21,900/-	20,065/-	1,835/-
5	ജൂലൈ 2024	22400319/01.08.2024	21,900/-	20,065/-	1,835/-
6	ആഗസ്റ്റ് 2024	22400415/02.09.2024	21,900/-	20,065/-	1,835/-
7	സെപ്റ്റംബർ 2024	22400495/08.10.2024	21,900/-	20,065/-	1,835/-
8	ഒക്ടോബർ 2024	22400582/06.11.2024	21,900/-	20,065/-	1,835/-
9	നവംബർ 2024	22400684/03.12.2024	21,900/-	20,065/-	1,835/-
10	ഡിസംബർ 2024	22400769/06.01.2025	21,900/-	20,065/-	1,835/-
11	ജനുവരി 2025	22400889/04.02.2025	21,900/-	20,065/-	1,835/-
12	ഫെബ്രുവരി 2025	22400983/04.03.2025	21,900/-	20,065/-	1,835/-
അധികം നൽകിയ ആകെ തുക					**22,020/-**

മേൽപ്പറഞ്ഞ അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/ തീയതി. 25.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ടിയാനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം തുക നൽകിയ കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് ആനുപാതികമായി ഈടാക്കേണ്ടതാണ്.

1-35 ജൽജീവൻ മിഷൻ - അവലോകനം

100 ശതമാനം ഗ്രാമീണഭവനങ്ങൾക്കും ഗാർഹികകുടിവെള്ളകണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം, നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണസംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020 – ൽ സ.ഉ.(കൈ)നം.37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 – നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിലെ 2020-2021 – വിവരങ്ങൾ പരിശോധിച്ചതിൽ ജൽജീവൻ മിഷൻ വിഹിതമായി

ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15 % സ്ഥാപനവിഹിതവും 10 % ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ തൻവർഷം വരെ അടവാക്കിയിട്ടില്ല. പദ്ധതിയ്ക്ക് നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/2025) മറുപടി നല്കി.

1-36 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമമന്ത്രാലയം 31.08.2021 - ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ.

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

1. ഫണ്ട് വിശകലനം

ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റുകളുടെ വരവ്ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉപകേന്ദ്രങ്ങൾക്ക് കെട്ടിടനിർമ്മാണം						
സ്കീം-1 അക്കൗണ്ട് നം.- 110042143770, കാനറാ ബാങ്ക്, കട്ടപ്പന						
വർഷം	മുന്നിരിപ്പ് (₹)	ഗ്രാന്റ് (₹)	പലിശ(₹)	ആകെ(₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
2023-2024	0	27,75,000/-	30,500/-	28,05,500/-	0	28,05,500/-
2024-2025	28,05,500/-	0	92,451/-	28,97,951/-	27,75,000/-	1,22,951/-

ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ

സ്കീം-3 അക്കൗണ്ട് നം.110042140873, കാനറാ ബാങ്ക്, കട്ടപ്പന						
വർഷം	മുന്നിരിപ്പ് (₹)	ഗ്രാന്റ് (₹)	പലിശ(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
2022-2023	0	4,65,834/-	5,234/-	4,71,068/-	0	4,71,068/-
2023-2024	4,71,068/-	9,24,000/-	20,483/-	14,15,551/-	9,65,744/-	4,49,807/-
2024-2025	4,49,807/-	3,86,000/-	17,782/-	8,53,589/-	3,96,171/-	4,57,418/-

ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ						
സ്കീം-4 അക്കൗണ്ട് നം.- 110042144350, കാനറാ ബാങ്ക്, കട്ടപ്പന						
വർഷം	മുന്നിരിപ്പ് (₹)	ഗ്രാന്റ് (₹)	പലിശ (₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
2022-2023	0	2,77,864/-	3,231/-	2,81,095/-	0	2,81,095/-
2023-2024	2,81,095/-	3,87,000/-	10,821/-	6,78,916/-	3,26,468/-	3,52,448/-
2024-2025	3,52,448/-	6,16,000/-	12,078/-	9,80,526/-	89,800/-	8,90,726/-

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരം പ്രതിഫലിക്കുന്നുണ്ട്.

2. ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ)

ക്രമ നം	വർഷം	പദ്ധതി നം.	പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
1	2022-2023	253	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യം ഒരുക്കൽ	4,65,834	0
2	2022-2023	254	ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	2,77,864	0
1	2023-2024	241	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യം ഒരുക്കൽ	4,65,834	3,36,755
2	2023-2024	242	ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	2,77,864	2,11,468
3	2023-2024	296	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൌകര്യം ഒരുക്കൽ (2022-2023)	9,24,000	6,28,989
4	2023-2024	297	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (2022-2023)	3,87,000	1,15,000
5	2023-2024	299	ആനപ്പള്ളം എഫ്.ഡബ്യൂ.സി. കെട്ടിടനിർമ്മാണം	27,75,000	0
1	2024-2025	338	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൌകര്യം ഒരുക്കൽ (2022-2023)	2,95,011	2,94,195
2	2024-2025	339	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (2022-2023)	2,72,000	89,800
3	2024-2025	340	ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	66,396	0
4	2024-2025	341	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യം ഒരുക്കൽ	1,29,079	1,01,976
12	2024-2025	365	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയഭൌതിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ (2023-2024)	3,86,000	0
13	2024-2025	366	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ (2023-2024)	6,16,000	0
14	2024-2025	367	ആനപ്പള്ളം സബ്സെന്റർ കെട്ടിടനിർമ്മാണം എൻ.എച്ച്. എം.- ന് തുക കൈമാറൽ	27,75,000	27,75,000

3. ഹെൽത്ത് ഗ്രാന്റ് മുഖേന വിഭാവനം ചെയ്തെങ്കിലും നടപ്പിലാക്കാത്ത പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ)

- ഇല്ല -

4. ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ വിശദീകരണം

ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച് ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടിരുന്നുവെന്നും ടി പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ആരോഗ്യവകുപ്പിൽ നിന്നും കാലതാമസം നേരിട്ടിരുന്നുവെന്നുമാണ് ഗ്രാമപ്പഞ്ചായത്ത് രേഖാമൂലം മറുപടി നൽകിയത്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പെയിന്റിംഗ് പ്രവൃത്തികൾക്ക് അധികം തുക അനുവദിച്ചു - നഷ്ടം ₹53,742/-

പദ്ധതി നം./പദ്ധതിയുടെ പേര്	140/2024-25, ഉപ്പുതറ മൃഗാശുപത്രി നവീകരണം
അടങ്കൽ (₹)	4,40,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാർ നമ്പർ	23/AE/LID&EW/UPA/2023-24/22.11.2023
കരാറുകാരൻ	ശ്രീ രാജേഷ് പി. ആർ.
ഫയൽ നമ്പർ	77603/2023
അളവ് ബുക്ക് നമ്പർ	E-M-Book
എഗ്രീഡ് പി.എ.സി. (₹)	3,18,017/-
ചെലവ് (₹)	3,57,571/-
ബിൽ റഫറൻസ് നമ്പർ/തീയതി	24100852013801678500/24.03.2025

ഗ്രാമപ്പഞ്ചായത്തിലെ മൃഗാശുപത്രി നവീകരണത്തിന് ആവിഷ്കരിച്ച പ്രസ്തുത പദ്ധതിയിൽ, ഇനം നമ്പർ 8 – ആയി പ്രൈസിലെ 13.46.1 എന്ന അക്രിലിക്ക് പെയിന്റിംഗ് ഇനം 568.246 ച.മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. (Finishing Walls With Acrylic Smooth Exterior Paint Of Required Shade: New Work (Two Or More Coat Applied @ 1.67 Ltr/10 **Sqm Over And Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sq**m). ഇതിനായി ₹550.120/ച.മീറ്റർ എന്ന നിരക്കിൽ ₹66,484.78/- (568.246 X 550.120) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 13.46.1 എന്ന ഈ ഇനത്തിൽ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നു. (Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm.) എന്നിരിക്കെ ഇനം നമ്പർ 7 പ്രകാരം, 567.848 ച.മീറ്റർ (544.175 + Excess Qty 23.673) പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിന് 13.43.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface) നിരക്കും കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും അളവ് ബുക്ക് പ്രകാരം ഇതിനായി ₹44,894.05/-(₹38,045.81 + GST @ 18 % - ₹6,848.24) കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം കരാറുകാരന് നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. പശുപ്പാറ ടൗൺ ടോയ്ലറ്റ് പൂർത്തികരണം

പദ്ധതി നം./പദ്ധതിയുടെ പേര്	281/2024-25, പശുപ്പാറ ടൗൺ ടോയ്ലറ്റ് പൂർത്തികരണം	
ആകെ അടങ്കൽ (₹)	3,32,646/-	1,02,646/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
		2,30,000/- കേന്ദ്രാവിഷ്കൃത ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കരാർ നമ്പർ/തീയതി	35/AE/LID&EW/UPA/2023-24/08.12.2023	
കരാറുകാരൻ	ശ്രീ തൻവീർ ഹുസൈൻ	
ഫയൽ നമ്പർ	77643/2023	
അളവ് ബുക്ക് നമ്പർ	E-M-Book	
എഗ്രീഡ് പി.എ.സി. (₹)	3,86,315/-	
ചെലവ് (₹)	1,95,795/-	
വൗച്ചർ നമ്പർ/തീയതി	XFC/24-25/P/1/03.04.2024	

ഇനം നമ്പർ 5 – ആയി പ്രൈസിലെ 13.46.1 എന്ന അക്രിലിക്ക് പെയിന്റിംഗ് ഇനം 115.361 ച.മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. (Finishing Walls With Acrylic Smooth Exterior Paint Of Required Shade: New Work (Two Or More Coat Applied @ 1.67 Ltr/10 Sqm **Over And Including Priming Coat Of Exterior Primer Applied @ 2.20**

Kg/10 Sqm). ഇതിനായി ₹151.440/ച.മീറ്റർ എന്ന നിരക്കിൽ ₹20,764.98/- (115.361 X 151.440) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 13.46.1 എന്ന ഈ ഇനത്തിൽ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നു. (Including Priming Coat Of Exterior Primer Applied @ 2.20 Kg/10 Sqm.) എന്നിരിക്കെ, ഇനം നമ്പർ 4 പ്രകാരം 115.361 ച.മീറ്റർ പ്രൈമർ ഉപയോഗിച്ച് പ്രൈമിംഗ് കോട്ട് ചെയ്യുന്നതിന് 13.43.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface) നിരക്കും കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവ് ബുക്ക് പ്രകാരം ഇതിനായി ₹8,848.19/- (₹7,498.47 + GST @ 18 % ₹1,349.72) കരാറുകാരന് അനുവദിക്കുകയും ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

13.46.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള അക്രിലിക്ക് പെയിന്റിംഗ് ഇനത്തിൽ പ്രൈമിംഗ് കോട്ട് ഉൾപ്പെട്ടിരിക്കെ, ഇതിനായി പ്രത്യേക ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവ് ബുക്ക് പ്രകാരം അധികം തുക അനുവദിച്ചതിന് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹53,742/- (₹44,894/- + ₹8,848/-) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-2 ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി - വാർഡ് -14- നിർവ്വഹിക്കാത്ത പ്രവൃത്തിയായ ട്രെഞ്ചിംഗിന് തുക അനുവദിച്ചു - നഷ്ടം ₹17,696/-

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.0275/2024-25, ചൊരായ്ക്കാമൊട്ട കുടിവെള്ളപദ്ധതി വാർഡ് – 14
അടങ്കൽ (₹)	3,84,738/- ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ മോഹനൻ റ്റി.
ഫയൽ നം.	124561/2023-24
എഗ്രീഡ് പി.എ.സി. (₹)	3,19,529.82/-
ചെലവ് (₹)	3,66,280/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നം./തീയതി	241008520138003674 85/05.07.2024

കുടിവെള്ളത്തിനായി 349.800 മീറ്റർ നീളത്തിൽ 65 MM GI പൈപ്പ് ട്രെഞ്ചിംഗ് ചെയ്തു ഇടുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. അളവ് പുസ്തകത്തിൽ ഇനം നമ്പർ 1 പ്രകാരം, 18.12.7. പ്രൈസ് സ്പെസിഫിക്കഷനിലുള്ള Providing And Fixing G.I. Pipes Complete With G.I Fittings **Including Trenching And Refilling Etc. External Work-65 Mm Dia Nominal Bore** എന്ന ഇനം 349 മീറ്റർ ട്രെഞ്ചിംഗ്, റീഫില്ലിംഗ് ഉൾപ്പെടെ ചെയ്തതിന് 862.15/മീറ്റർ (കരാറുകാരൻ കോട്ട് ചെയ്ത നിരക്ക്) എന്ന നിരക്കിൽ ₹ 3,00,890.35 കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിലെ എൽ.ഐ.ഡി. & ഇ.ഡബ്ല്യു. ഓവർസിയറുടെ സാന്നിധ്യത്തിൽ 24.09.2025 – ന് പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ചതിൽ, G.I പൈപ്പുകൾ ട്രെഞ്ചിംഗ്, റീഫില്ലിംഗ് നടത്താതെയാണ് ഇട്ടിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകത്തിൽ യഥാർത്ഥത്തിൽ ട്രെഞ്ചിംഗ് & റീഫില്ലിംഗിന്റെ നിരക്ക് കുറച്ച് നൽകാത്തതു മൂലം കരാറുകാരന് താഴെപ്പറയും പ്രകാരം അധികം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ട്രെഞ്ചിംഗ്, റീഫില്ലിംഗ് ഉൾപ്പെടെയുള്ള നിരക്ക് 18.12.7.

	Description	Unit	Quantity	Rate (₹)	Amount (₹)
	Details Of Cost For 10 Metre MATERIAL:				
1551	G.I. Pipes 65 Mm Dia Weight For Carriage = Pipe Weight + 2 % For Fittings = 1.02 X 66.30 = 67.626 Kg = 0.067626 Tonne	Metre	10.2	395.00	4,029.00
2271	Carriage Of G.I. Pipes Below 100 Mm Dia	Tonne	0.06763	92.24	6.24
9999	Sundries – White Lead, Hemp, Oil Etc LABOUR :	L.S	13.52	2.00	27.04
0116	Fitter(grade1)	Day	0.25	738.00	184.50
0114	Beldar – Trenching And Refilling Etc.	Day	0.66	558.00	368.28
0114	Beldar	Day	0.66	558.00	368.28

	Description	Unit	Quantity	Rate (₹)	Amount (₹)
0115	Coolie	Day	0.66	558.00	368.28
	TOTAL				5,351.62
	Add Water Charges @ 1%				53.52
	TOTAL				5,405.14
	Add CPOH @ 15%				810.77
	TOTAL				6,215.91
	Cost Of 10.0 Metre				6,215.91
	Cost Per Metre				621.59
	Say				621.60

ട്രെഞ്ചിംഗ്, റീഫില്ലിംഗ് കുറവ്ചെയ്ത് നൽകാവുന്ന തുക

	Description	Unit	Quantity	Rate (₹)	Amount (₹)
	Details Of Cost For 10 Metre MATERIAL:				
1551	G.I. Pipes 65 Mm Dia Weight For Carriage = Pipe Weight + 2% For Fittings = 1.02 X 66.30 = 67.626 Kg = 0.067626 Tonne	Metre	10.2	395.00	4,029.00
2271	Carriage Of G.I. Pipes Below 100 Mm Dia	Tonne	0.06763	92.24	6.24
9999	Sundries-White Lead, Hemp, Oil Etc LABOUR:	L.S	13.52	2.00	27.04
0116	Fitter(grade1)	Day	0.25	738.00	184.50
0114	Beldar Trenching And Refilling Etc.	Day			
0114	Beldar	Day	0.66	558.00	368.28
0115	Coolie	Day	0.66	558.00	368.28
	TOTAL				4,983.34
	Add Water Charges @ 1%				49.83
	TOTAL				5,033.17
	Add CPOH @ 15%				754.97
	TOTAL				5,788.14
	Cost Of 10.0 Metre				5,788.14
	Cost Per Metre				578.81
	COST INDEX 41.53%				240.37
	TOTAL				819.18/Mt

അധികം നൽകിയ തുക

ഇനം	അനുവദിച്ചത് (₹)	അനുവദിക്കാവുന്നത് (₹)	അധികം നല്കിയത് (₹)
പ്രവൃത്തിയുടെ അളവ്	349 M	349 M	-
നിരക്ക് (₹)	862.15/M	819.18	-
തുക (₹)	3,00,890.35	2,85,893.82	14,996.53
ജി.എസ്.ടി @ 18 % (₹)	54,160.26	51,460.88	2,699.38
ആകെ (₹)	3,55,050.61	3,37,354.70	17,695.91

ചെയ്യാത്ത പ്രവൃത്തിക്ക് ₹17,695.91 അധികം നല്കിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹17,696/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-3 കരിന്തരുവി ടേയ്ക്ക് – എ - ബ്രേയ്ക്ക് നിർമ്മാണം പാതിവഴിയിൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - നഷ്ടം ₹13,692/-

പദ്ധതി നം./പദ്ധതിയുടെ പേര്	എസ് 0246/2024-25, ടേക്ക് എ ബ്രേക്ക് നിർമ്മാണം - കരിന്തരുവി	
ആകെ അടങ്കൽ (₹)	7,70,000/-	4,20,000/-ധനകാര്യകമ്മീഷൻ അവാർഡ്
		3,50,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കോൺട്രാക്ടറുടെ പേര്	ശ്രീ മോഹനൻ റ്റി.	
ഫയൽ നം.	65590/2022	
എഗ്രീഡ് പി.എ.സി. (₹)	13,45,766/-	
ആകെച്ചെലവ് (₹)	7,27,829/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	
വൗച്ചർ നം./തീയതി/തുക (₹)	നം.XVFC/2023-24/P/31/03.01.2024/4,20,000/-	
	നം.XVFC/2023-24/P/59/27.03.2024/3,07,829/-	

ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിൽ കരിന്തരുവി ഭാഗത്ത്, ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ ആകെ അടങ്കൽ തുക മുൻവർഷം ഉൾപ്പെടെ ₹17,89,328/- ആണ്. എന്നാൽ മുൻവർഷം 2023-2024 - ₹8,58,816/-, തൻവർഷം ₹7,27,829/- ഉൾപ്പെടെ ആകെച്ചെലവ് ₹15,86,645/- എക്സ്ട്രാ ഐറ്റം ഉൾപ്പെടെ ആകെ 66 ഇനങ്ങളാണ് ഈ പ്രവൃത്തിയിൽ നിർവ്വഹിക്കാനുണ്ടായിരുന്നത്. ഈ പ്രവൃത്തിയുടെ സ്ട്രക്ചർ നിർമ്മാണം നടത്തി ടൈൽ വിരിച്ച് സൈഡ് സംരക്ഷണഭിത്തി പണിയുന്നത് വരെയുള്ള പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ നിർവ്വഹിച്ച് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. ഡോർ, ഷട്ടർ മുതലായവ ഫിറ്റ് ചെയ്യൽ, പ്ലംബിംഗ് വർക്കുകൾ, സാനിട്ടറി ഫിറ്റിംഗ്സുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ ഇനിയും നിർവ്വഹിക്കാൻ അവശേഷിക്കുന്നു. വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള പ്രൊവിഷൻ, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു സാമ്പത്തികവർഷം നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പദ്ധതികൾ ബഹുവർഷപദ്ധതിയായി ഏറ്റെടുത്ത് ഓരോ വർഷവും ചെലവഴിക്കേണ്ട വിഭവസ്രോതസുകൾ കൃത്യമായി രേഖപ്പെടുത്തിയാണ് പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ തുടർന്നുള്ള വർഷത്തിൽ പദ്ധതി പൂർത്തികരണത്തിനായി തുക വകയിരുത്തിയിട്ടില്ല. മലങ്കര ടീ എസ്റ്റേറ്റ് പഞ്ചായത്തിന് നൽകിയ സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് കരിന്തരുവി നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലം ഗ്രാമപ്പഞ്ചായത്തിന് നല്കിയതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഈ പദ്ധതിക്ക് ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുന്നു.

പ്രവൃത്തി സ്ഥലം 24.09.2025 - ൽ ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ, അളവ് ബുക്ക് പ്രകാരം ഇനം 20 – ൽ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്ന 23.690 Sq.M. സെറാമിക്ക് ഗ്ലേസ്ഡ് ഫ്ലോർ ടൈൽ യഥാർത്ഥത്തിൽ 12.210 Sq.M. മാത്രമാണ് ചെയ്തിട്ടുള്ളത്.

നൽകിയ തുക (₹)	28,254.14	₹23,944.19 + GST @ 18 % = ₹4,309.95 (23.690 X 1010.73)
നൽകേണ്ട തുക (₹)	14,562.39	₹12,341.01 + GST @ 18 % = ₹2,221.38 (12.210 X 1010.73)
അധികം നൽകിയ തുക (₹)	13,692/- (13,691.75)	

അധികം തുക നൽകിയതിനും പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 26.09.2025) മറുപടി ലഭിച്ചില്ല. ആയതിനാൽ അധികം നൽകിയ തുക ₹13,692/- നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-4 ടിപ്പർ ഡ്രൈവർക്ക് കരാർ വേതനം അധികം നൽകി - നഷ്ടം 22,020/-

ധനകാര്യവകുപ്പിന്റെ 11.02.2021 - ലെ സ.ഉ.(പി).നം.29/2021/ധന. ഉത്തരവ് പ്രകാരം, ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ, ടിപ്പർ/ട്രാക്ടർ ഡ്രൈവർ തുടങ്ങിയ തസ്തികകൾ ഉൾപ്പെടുന്ന അനക്സർ കാറ്റഗറി II – ലെ കരാർ ജീവനക്കാർക്ക് നൽകാവുന്ന പരമാവധി മാസവേതനം ₹20,065/- ആണ്. ഉപ്പുതറ ഗ്രാമപ്പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ടിപ്പർ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന ശ്രീ മിഥുൻ മണിക്കുട്ടന് 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് മാസം വരെ ടിയാന് ₹21,900/- നിരക്കിൽ മാസവേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വേതനം നൽകിയ മാസം, വർഷം	വൗച്ചർ നം./തീയതി	നൽകിയ തുക (₹)	നൽകേണ്ടിയിരുന്ന തുക (₹)	അധികമായി നൽകിയ തുക (₹)
1	മാർച്ച് 2024	22400261/01.04.2024	21,900/-	20,065/-	1,835/-
2	ഏപ്രിൽ 2024	22400055/01.05.2024	21,900/-	20,065/-	1,835/-
3	മെയ് 2024	22400138/01.06.2024	21,900/-	20,065/-	1,835/-
4	ജൂൺ 2024	22400225/01.07.2024	21,900/-	20,065/-	1,835/-

5	ജൂലൈ 2024	22400319/01.08.2024	21,900/-	20,065/-	1,835/-
6	ആഗസ്റ്റ് 2024	22400415/02.09.2024	21,900/-	20,065/-	1,835/-
7	സെപ്റ്റംബർ 2024	22400495/08.10.2024	21,900/-	20,065/-	1,835/-
8	ഒക്ടോബർ 2024	22400582/06.11.2024	21,900/-	20,065/-	1,835/-
9	നവംബർ 2024	22400684/03.12.2024	21,900/-	20,065/-	1,835/-
10	ഡിസംബർ 2024	22400769/06.01.2025	21,900/-	20,065/-	1,835/-
11	ജനുവരി 2025	22400889/04.02.2025	21,900/-	20,065/-	1,835/-
12	ഫെബ്രുവരി 2025	22400983/04.03.2025	21,900/-	20,065/-	1,835/-
അധികം നൽകിയ ആകെ തുക					**22,020/-**

മേൽപ്പറഞ്ഞ അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/ തീയതി. 25.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ടിയാനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം തുക നൽകിയ കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് ആനുപാതികമായി ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
22	86,450/-	0	0	-

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)(07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)(07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)(07/2022 മുതൽ അല്ലെങ്കിൽ 07/2024	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**		(₹)	
ബാധകമല്ല					

4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പദ്ധതി നം./പദ്ധതിയുടെ പേര്	ചെലവ് (₹)
ജില്ലാപ്പഞ്ചായത്ത്	2024-2025	1,90,000/-	79/25, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	1,90,000/-
ജില്ലാപ്പഞ്ചായത്ത്	2024-2025	5,00,000/-	157/25, ലൈഫ് ഭവനപദ്ധതി – 2020 പട്ടികജാതിവിഭാഗം	4,60,000/-
ജില്ലാപ്പഞ്ചായത്ത്	2024-2025	5,00,000/-	115/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	3,50,000/-
ജില്ലാപ്പഞ്ചായത്ത്	2024-2025	2,00,000/-	69/25, പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്	1,90,000/-
ബ്ലോക്ക് പഞ്ചായത്ത്	2024-2025	1,95,000/-	73/25, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്	1,95,000/-
ബ്ലോക്ക് പഞ്ചായത്ത്	2024-2025	1,00,000/-	115/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	36,000/-
ബ്ലോക്ക് പഞ്ചായത്ത്	2024-2025	2,00,000/-	69/25, പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്	2,00,000/-
ബ്ലോക്ക് പഞ്ചായത്ത്	2024-2025	5,70,000/-	79/25, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	3,55,950/-
ബ്ലോക്ക് പഞ്ചായത്ത്	2024-2025	2,38,700/-	272/25, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,38,680/-

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപപ്രവൃത്തികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, ഉപ്പുതറ	കാരക്കട കുടിവെള്ളപദ്ധതി വാർഡ് 5, പദ്ധതി നം.8	22401097/23.03.2025	2,64,291/-	ലഭ്യമല്ല	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

4-4 വായ്പ/വായ്പയുടെ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവനവായ്പയിനത്തിൽ ₹23,20,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പത്തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./തീയതി	വായ്പത്തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (₹)	തൻവർഷം ലഭിച്ച വായ്പ് (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി	സ.ഉ.(സാധാ)നം.293336/ ഡി.ബി/1/510/ത.സ്വ.ഭ.വ. തീയതി. 23.09.2014	17,03,78,213	14,19,46,425	23,20,000	1,31,50,898	0	13,11,15,527
ജവഹർ ഭവനപദ്ധതി	സ.ഉ.സാധാ)നം.68/2018/ ത.സ്വ.ഭ.വ. തീയതി. 18.05.2018	1,80,00,000	47,40,000	0	2,50,000	0	22,40,000

4-5 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹)	10,65,000/-

തൻവർഷം നിക്ഷേപിച്ച തുക (₹)	71,888/-
ആകെ (₹)	11,36,888/-
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹)	11,36,888/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തീയതി	കാലയളവ്	നിക്ഷേപിച്ച തുക (₹)	റിമാർക്ക്സ്
1	ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക്	16.11.2024	ഒരു വർഷം	11,36,888/-	സർട്ടിഫിക്കറ്റ് നം.3020002772/16.11.2024

4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃതറിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-2004	2-1	2006-2007	3.35.3	നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല	തുടരുന്നു
2006-2007	3(3)	2009-2010	2(8)	നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/-	തുടരുന്നു
2014-2015	2-9	2016-2017	അനുബന്ധം 3	വസ്തുനികുതി അപാകങ്ങൾ	തുടരുന്നു
2015-2016	2-10	2016-2017	അനുബന്ധം 4	തൊഴിൽ നികുതി അപാകങ്ങൾ	തുടരുന്നു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ/ തീയതി)	സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (₹) (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക/ ബാധ്യത (₹)	റിമാർക്സ്
				നമ്പരും തീയതിയും	തുക (₹)				ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)			
1	2	3	4	5	6	7	8	9	10	11	12	13	14
1	1998-1999	21 എ	ശ്രീ കെ.എൻ. അശോകൻ സെക്രട്ടറി	LF.7513/ SplCell/ SC2/2002 Dt.01.03.2003	110/-	-	ഇല്ല	-	-	-	-	110/-	-

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (₹) (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക/ ബാധ്യത (₹)	റിമാർക്സ്
				നമ്പരും തീയതിയും	തുക (₹)			ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)			
1	2000-2001	29	ശ്രീ കെ.എൻ അശോകൻ സെക്രട്ടറി	LF.20351/ SplCell/ SC2/2004 Dt. 30.11.2005	2,056	-	-	-	-	-	2,056	-
2	2003-2004	3-6	ശ്രീ ചന്ദ്രശേഖരൻ എ.ഇ.	LF-9186 Spl.Cell/ SC2/2007	8,264	-	-	-	-	-	8,264	-

				Dated. 17.02.2010								
3	2005-2006	3-4, 3-5	ശ്രീ മുഹമ്മദ് കുഞ്ഞ്	LF21419 Spl.Cell/ SC2/2009 Dated. 04.03.2010	19,376	-	-	-	-	-	19,376	-
4	2010-2011	3-8	ശ്രീ ദാനിയേൽ മാത്യു	LF-6984 Spl.Cell/ SC2/2013 Dated. 13.03.2014	14,000	-	-	-	-	-	14,000	-
5	2014-2015	3-3	ഡോ ബി. രഘുനാഥ് വെറ്ററിനറി സർജൻ	KSA-9746 Spl.Cell/ CSC/ C1/2016 Dated. 14.02.2020	17,500	-	-	-	-	-	17,500	

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് (₹)	3,84,78,656/-
ആകെ വരവ് (₹)	7,48,23,591/-
ആകെ (₹)	11,33,02,247/-
ആകെച്ചെലവ് (₹)	7,40,64,537/-
നീക്കിയിരിപ്പ് (₹)	3,92,37,710/-
(പഞ്ചായത്തിന്റെ 2024-2025 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)	
വരവിനങ്ങളിലുള്ള നഷ്ടം (₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	1,07,150/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	1,10,43,381/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	ചാർജ്ജ് ചെയ്യാവുന്ന തുക (₹)	ചാർജ്ജ് ചെയ്യാവുന്നതുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	-	53,742/-	26,871/-	ശ്രീ സുനിൽ കുമാർ പി. അസിസ്റ്റന്റ് എഞ്ചിനീയർ
			26,871/-	ശ്രീമതി ജനിത കെ.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-2	-	17,696/-	8,848/-	ശ്രീ സുനിൽ കുമാർ പി. അസിസ്റ്റന്റ് എഞ്ചിനീയർ
			8,848/-	ശ്രീമതി ജനിത കെ.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-3	-	13,692/-	6,846/-	ശ്രീ ഷെഫിൻ അനസ് അസിസ്റ്റന്റ് എഞ്ചിനീയർ
			6,846/-	ശ്രീമതി ജനിത കെ.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-4	-	22,020/-	1,835/-	ശ്രീ തോമസ് പി.വി. സെക്രട്ടറി ഇൻ ചാർജ്ജ്
			16,515/-	ശ്രീ ശ്രീകുമാർ വി കെ. സെക്രട്ടറി
			3,670/-	ശ്രീ കിരൺ പി സെക്രട്ടറി ഇൻ ചാർജ്ജ്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	7,14,137/-	ശ്രീ ഷെഫിൻ അനസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-18	53,00,000/-	ശ്രീ കിരൺ പി., സെക്രട്ടറി
1-20	14,84,691/-	ശ്രീ ഷെഫിൻ അനസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-21	48,756/-	ശ്രീ ശ്രീകുമാർ വി.കെ., സെക്രട്ടറി
1-22	4,99,942/-	ശ്രീ കിരൺ പി., അസിസ്റ്റന്റ് സെക്രട്ടറി

1-23	27,75,000/-	ശ്രീ കിരൺ പി., സെക്രട്ടറി
1-32	2,20,855/-	ഡോ മേരി വർഗീസ്, മെഡിക്കൽ ഓഫീസർ
ആകെ	1,10,43,381/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ സുനിൽ കുമാർ പി അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ തിരുവല്ല മുനിസിപ്പാലിറ്റി	സുനിൽ ഭവൻ മുളയ്ക്കലത്തുകാവ് പി.ഒ., അരൂർ തട്ടത്തുമല, പിൻ – 695614
ശ്രീമതി ജനിത കെ.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്	ശ്രീമതി ജനിത കെ.എൽ. തെക്കേൽ വീട്, ഇടവെട്ടി പി.ഒ. തൊടുപുഴ, ഇടുക്കി
ശ്രീ ഷെഫിൻ അനസ് അസിസ്റ്റന്റ് എഞ്ചിനീയർ	സെക്രട്ടറി തിടനാട് ഗ്രാമപ്പഞ്ചായത്ത് കോട്ടയം ജില്ല	കല്ലോലിൽ, ചേനപ്പാടി പി.ഒ. കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല
ശ്രീ കിരൺ പി അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി തലയാഴം ഗ്രാമപ്പഞ്ചായത്ത്	മറ്റത്തിൽ, സി.എം.സി. ചേർത്തല നോർത്ത് പി.ഒ. ചേർത്തല
ഡോ മേരി വർഗീസ് മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി., ഉപ്പുതറ	പുതുശ്ശേരിൽ, ഏലപ്പാറ പി.ഒ. ടെമ്പിൾ റോഡ് എസ്.ബി.ഐ. – ക്ക് സമീപം ഇടുക്കി ജില്ല, പിൻ – 685501
ശ്രീ ശ്രീകുമാർ വി.കെ. സെക്രട്ടറി	സെക്രട്ടറി മുത്തോലി ഗ്രാമപ്പഞ്ചായത്ത്	ശ്രീമംഗലം, തിരുവഞ്ചൂർ പി.ഒ. കോട്ടയം ജില്ല
ശ്രീ തോമസ് പി.വി. സെക്രട്ടറി ഇൻ ചാർജ്ജ്	വിരമിച്ചു	പുതുവൽച്ചിറ, ഉപ്പുതറ പി.ഒ. ഇടുക്കി ജില്ല, പിൻ – 685505

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1998-1999	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	2	21 എ, ബി, സി, 22 എ, ബി
2000-2001	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 /16.09.2022	2	18, 29

2001-2002	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	2	2-4, 2-10
2003-2004	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	3	2-1, 2-3, 3-6
2005-2006	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	3	3-3, 3-4, 3-5
2006-2007	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	1	3-3
2009-2010	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	1	2-2
2010-2011	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	2	3-4, 3-8
2014-2015	കെ.എസ്.എ.ഐ.ഡി.കെ പി.3/1338/2022 തീയതി. 16.09.2022	7	2-9, 2-10, 3-1, 3-2, 3-3, 3-4, 3-7
2015-2016	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 16.09.2022	2	3-4, 3-6
2016-2017	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	1	2-1
2017-2018	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	1	3-2
2018-2019	കെ.എസ്.എ.ഐ.ഡി.കെ.പി.3/1338/2022 തീയതി. 16.09.2022	2	1-13, 1-26
2019-2020	കെ.എസ്.എ.ഐ.ഡി.കെ.9/545/2020 തീയതി. 16.09.2022	10	1-9 മുതൽ 1-18 വരെ
2020-2021	കെ.എസ്.എ.ഐ.ഡി.കെ.9/833/2021 തീയതി. 30.09.2021	12	1-3, 1-3-6, 1-9, 1-10, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-21, 1-24
2021-2022	കെ.എസ്.എ.ഐ.ഡി.കെ.പി.3/1615/2022 തീയതി. 10.01.2023	20	1-3-4, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-21, 1-22, 1-24, 1-26, 1-27, 3-1, 3-2, 3-3, 4-8, 4-11
2022-2023	കെ.എസ്.എ.ഐ.ഡി.കെ.പി.3/998/2023 തീയതി. 17.10.2023	14	1-9,1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-21, 1-22
2023-2024	കെ.എസ്.എ.ഐ.ഡി.കെ.പി.3/55/2025 തീയതി. 27.01.2025	26	1-1-3, 1-1-4, 1-1-7, മുതൽ 1-1-10 വരെ, 1-5, 1-9 മുതൽ 1-24 വരെ, 1-24 മുതൽ 1-28 വരെ, 2-1, 2-2

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 17-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Upputhara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Upputhara Grama Panchayat as on 31-03-2025

Date: 28/11/2025

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Upputhara Grama Panchayat for the Year 2024-2025 .

1.Major Observations

2.Other Observations

1	The following madatory financial statements prescribed in accounting rules are not submitted for audit (i) Notes to accounts (ii) Ratios
2	Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3	Asset register is not kept up to date.
4	Depreciation recorded could not be verified in the absence of calculation sheets
5	Provision has not been recorded in accordance with the outstanding amount.
6	Lack of authenticated journal vouchers for supporting the adjustment entries recorded in prior period items
7	Payment voucher- Misclassification (Capital Work in Progress-Figures do not match)
8	Payment voucher- Misclassification (Expenses are not accruing under the correct heading)
9	Receipt payment amounts of grants do not reflect as such in AFS

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്